bc 180120 8297

MALAYALIM HYMN BOOK.

ദൈവ വന്ദനെക്കു വേണ്ടി

ഉണ്ടാക്കിട്ടുള്ള

ജ്ഞാനകീൎത്തനങ്ങൾ.

Compiled and edited by Rev. S. MATEER.

Printed for the Trevandrum Tract Society.

COTTAYAM. C. M. S. PRESS.

1879.

ഈ പുസ്തകത്തിൽ അടങ്ങിയിരിക്കുന്ന കീൎത്തനങ്ങളിൽ ൧൨, ൧ന്ന, വന, വ൫, വന്ന, നര, ന൭, രം, ര൧, രൻ, ൫ന, ൫ര, ൫ൻ, ന്ന൫, ൯ം, വ്യന്ന, വ്യവ്യ, ൻന കൊല്ലം ലണ്ടൻ മിഷൻ ജ്ഞാനകീൎത്തനപുസ്തകത്തിൽനിന്നും, വ, വവ, വവ്യ, ന൫, നൻ, ൫ം, ൫൫, ന്നന, ന്നര, ന്നന്ന, വ്യം, വ്യ൧, വ്യ൫, വ്യ൭, വ്യൻ, ൧ംം, ൧ം൧ ജ്ഞാനനിക്ഷേപത്തിൽനിന്നും, ൻ, ൫വ്യ, ൻന്ന, കോട്ടയത്തിൽ റെവറെണ്ട റിച്ചാൎഡ്സ് സായ്പവൎകൾ എഴുതിയവയും, വം, ൻര, ൻ൭, തിരുവനന്തപുരത്തിൽ ഉല്ല്യം രസാലം ഉപദേശിയാർ എഴുതിയവയും, രവ കണ്ണൂർ റെവറെണ്ട ഫ്രിറ്റ്സ സായ്പവൎകൾ എഴുതിയതും, ശേഷം കീൎത്തനങ്ങൾ മംഗലപുരം ജ്ഞാനകീൎത്തനപുസ്തകങ്ങളിൽനിന്നും എടുത്തിട്ടുള്ളവയും ആകുന്നു.

S. M.

INDEX OF SUBJECTS.

Hymn.

"'Alas! and did my Saviour bleed" ... 16
Ananias and Sapphira 100
"Art thou weary, art thou languid" ... 58
Ascension of Christ 25
Baptism 43
" of Jesus 13
Before preaching 41
Believers' hope 70
Birth of Christ 10, 11
Brevity of life 86
Christ died for sinners 19
Christian a pilgrim 77
Christian armour 76
Christ's humiliation 14
Cleaving to the Lord 74
"Come to Jesus" 45
Consecration to Christ 71
Contrite spirit 53
Curse removed 63
Day of Judgment 90

	Hymn.
Delight in the worship of God	40
Doxologies	3 to 7
Eternal happiness	88
Evening hymn	92, 93
Exhortation to children	101
Fear not	82
God the giver of grace	59
God's will is best	83
Goodness of Christ in salvation	62
Gratitude to Christ	31
Happiness of children of God	80
"Holy Bible, book divine"	39
Holy Trinity	8
"How sweet the name of Jesus" ...	29
Invitation to sinners	47
Isaiah 43	99
"It is finished"	21
"Jerusalem my happy home" ...	89
Jesus heals our souls' diseases	67
,, precious	32, 12
,, the good shepherd	27
Journey to heaven	78
Longing for heaven	87
Lord's Supper	44
Marriage	94

	Hymn.
Morning hymn	91
" " for children	102
New year	95, 96
"Now I have found the ground" ...	67
Now is the day of salvation	85
Offices of Christ	26
"O Jerusalem, Jerusalem thou that" ...	46
Opening a new Church	97
Our need of grace	57
Praise for adoption	68
" to God	1
" " Christ	30, 33
Prayer for conversion of the heathen ...	50
" " divine assistance	56
" " guidance	60
" " mercy and pardon ...	51,52,54, 55
" " salvation of all	49
" " the Holy Spirit	34,35,36
"Prayer is the soul's sincere desire" ...	42
Privileges of believers	69
Psalm LXVII	103
" XCVIII	104
" CXLV	98
"Rejoice, the Lord is king"	28
Resurrection of Christ	22,23,24

	Hymn.
Sabbath	37, 38
Seven sayings of Christ	17
Sinlessness of Christ	12
Star of Bethlehem	9
Submission to God's will	73
Sufferings of Jesus	15
Suffering with Jesus	84
"The spacious firmament on high" ..	2
Trust fully in God	75
Trust in Christ	65
'Under the cross	18
What is the cross of Christ?	64
"When all thy mercies, O my God" .	81
"When I can read my title"	66
Who gave himself a ransom	20
"Why these fears, behold its Jesus" ...	79
Yet there is room	48

METRICAL INDEX.

(L. M. and C. M. not particularized.)

Hymn

11 s 47, 48
9, 8, 9, 8, 8, 8. .. ... 23, 43, 67
8 s (6 lines) 59, 98
8 s (D. L. M.) 2
8 8, 8 8 7 (Praise) 4
8, 7, 8, 7, 88, 77 (Hamburg) 72
87, 87, 887 ... ... 3, 8, 13, 90, 89
87, 87, 77 (Holstein) 38
87, 87, 44, 77 (Newport) 83
87, 87, 47 ... 19, 32, 34, 65, 79, 94
8, 7, (8 lines) 24, 33
8, 7 (6 lines) 27
8, 7 (4 lines) 63
86, 66 (Come to Jesus) 45
86, 86, 86, 86 D. C. M. 46, 76
85, 83 58
78, 78, 77 (Zurich) 95
7 s (6 lines) 22, 80
7 s (4 lines) 18, 39, 50, 82
7, 6 (8 lines) ... 15, 17, 31, 51, 68, 74, 75
7, 6 (4 lines) ... 14, 52, 56, 57, 69
66, 86 (S. M.) 1, 70
66, 66, 88 28
66, 66, 44, 44 23
55, 88, 55 ... ... 20,30,36,71, 78

ജ്ഞാനകീൎത്തനങ്ങളിൽ

ഓരോന്നിൻെറ ഒന്നാമത്തെ വരി

	ജ്ഞാനകീൎത്തനം
അയ്യോ എൻെറ രക്ഷിതാവേ	൧൬൩
അഹോ എല്ലാ ജനങ്ങൾക്കും	൧൬൦
ആത്മാവേ വന്നു ഞങ്ങളെ	൩൮
ആദിത്യനോടെൻ നെഞ്ചേണർ	൪൧
ഇതാ കൎത്താവിൻ നാളിതു	൩൭
൧൦ അന്ധകാര കാലത്തിൽ	൩൦
൧൦ ആലയത്തെ കൎത്താവേ	൪൭
൧൦ നമ്മെ എത്ര സ്നേഹിച്ചോൻ	൪൫
൧൦ പിറന്ന വൎഷത്തിൽ	൪൮
൧൦ ലോകം ഞാൻ ഉപേക്ഷിച്ചു	൫൬
ഉണ്ടു ഇനി വിസ്താരം കല്യാണവീട്ടിൽ ...	൮൫
ഉന്നതത്തിൽ ശക്തി സ്തോത്രം	൩
എൻ ആത്മാവെ നിൻ ഭാരം	൭൮
എൻനാമത്തെ പ്രശംസിപ്പാൻ	൪൪
എന്നോടു നല്ല കൎത്താവേ	൮൮
എൻ പിതാവായ കൎത്താവേ	൮൪
എൻെറ രക്ഷകനു പാടി	൩൩
എൻെറ രക്ഷിതാവേ	൭൦

എല്ലാദ്രവ്യത്തിൽ വിശിഷ്ടം ൧൮
എല്ലാരും നിന്നെ വിട്ടാൽ ൧൨
ഒന്നായി മരിച്ചു വാഴുന്ന ൩
ഒരാണ്ടു കൂടെ കഴിഞ്ഞു ൪൩
കൎത്താവു വാഴുന്നു ൮൯
കൎത്താവേ ഇപ്പോൾ ഞങ്ങളെ ൧
കൎത്താവേ നിന്റെ ആലയം ൨൦
കൎത്താവേ നീ ഠരം നേരത്തിൽ ൨൫
കൎത്താവേ പാപ ലോകത്തിൽ ൨൪
കൎത്താവേ ഞാൻ മരിക്കുമ്പോൾ ൯൯
കൎത്താവേ ഠരം പുലൎച്ചയിൽ ൫൦൮
കരുണയുള്ള യേശുവേ ൪൬
കാരുണ്യജ്യോതിയായ ൭൫
കാലം വേഗത്തിൽ കഴിയും ൯൩
കൃപയുള്ള ത്രിയേകനേ ൪൨
കൃപ എല്ലാവരോടും ൭൧
കേട്ടാലും ഇടി ശബ്ദം പോൽ ൫
ക്രിസ്തുവിന്റെ കുരിശെന്തു ൩൨
ചാകിൻ കെട്ടിനെ അഴിച്ചു ൮൨
ജീവനാഥൻ ക്രൂശിൽ തന്റെ ൫൪
ജീവ പ്രഭുവേ ൬൦
ജീവ മാൎഗ്ഗത്തിൽ ൧൯
ഞാൻ എങ്ങിനെ മറക്കും ൬൫
ഞാൻ മോക്ഷം ചെയ്യും നേരത്തിൽ ൫൦൫
തൻ ക്രൂശെ യേശു എല്ലുവാൻ ൯൨

ജ്ഞാനകീൎത്തനം.

തൻ വംശം യേശു രക്ഷിപ്പാൻ ൩വ
തോന്നുന്നപോലെ എന്നിൽ ചെയ് ... ... ൭ന്ധ
ദുഃഖഭാവം നിനക്കുണ്ടോ? ... ... ൫വ്വ
ദൈവമെ എന്റെ വിളിയെ ൫൰
ദൈവശുദ്ധാത്മാ ... ... ന്ധ൩
ദൈവത്തിന്റെ പുത്രന്മാർ ... ... വ്വ൦
ധന്യർ ആർ വിശ്വാസത്താൽ ൩൯
നല്ലൊച്ചതന്നെ യേശു പേർ ൨൯
നല്ലോൎക്കും ദുഷ്ടൎക്കും വിധി ൯൦
നക്ഷത്ര സൈന്യം ഒക്കെയും ൯൫
നാളെ ആകുന്ന നാൾ ... ... വ്വ൫
നിൻ കരുണകൾ കൎത്താവേ ... ... വ്വ൧
നിന്റെ വഴി ഭ്രമിയില്ലം ... ... ൧൦ന്ധ
നിവൃത്തിയായ് അവൻ കഴിഞ്ഞു ൨൧
നീ യേശുവിനു സേവകൻ ൭൩
പണ്ടുലകത്തിറങ്ങി ൧൮
പരമണ്ഡലത്തിലുള്ള ... ... ന്ധവ
പരിശുദ്ധാത്മാവേ നിന്നാൽ ... ... ന്ധ൮
പിതാവുപുത്ര ആത്മാവുമാം ൫
പിതാവേ നിന്റെ ശക്തിയും ... ... വ്വ
പിതാ പുത്രാത്മ തിരുനാമം ... ... ൮ന്ധ
പിതാവേ നിന്റെ ദാനം ... ... ൩വ്വ
പൂൎണ്ണ തൃപ്തി കിട്ടുവാൻ ... ... ൧വ്വ
പൊട്ടിഞ്ഞ ഹൃദയത്തിൽ ... ... ൬ന്ധ
പ്രാൎത്ഥന ആത്മ വാഞ്ഛയാം ൮൬

പ്രേതകല്ലറയെ ൨൩
ബഹുമാനം മഹത്വം ൨൨
ഭയം വേണ്ടഹൊ കർത്താവു ൧൯
ഭയം വേണ്ടാ ശിഷ്യനേ ൬൨
ഭൂവാസികൾ എല്ലാം ... — ... ൪
ഭൂവിങ്കൽ പാർക്കും നാളും ൮൭
മഹോന്നതത്തിൽ യേശുവേ ൧൧
മാനം സ്തോത്രം അധികാരം ... ... ൰
യർദ്ദേനിൽ മുങ്ങി വന്നിതാ ൪൩
യറുശലേം യറുശലേം ൫൭
യറുശലേം ഹാ ഇൻപമായി ൬൯
യഹോവാ കർമ്മം സുകൃതം ൬൩
യഹോവാസ്തോർ പുതു പാട്ടു ൪൰
യാതൊരു പാപം കൂടാതെ ൪൨
യേശു ആട്ടിടയ ശ്രേഷ്ഠൻ ൨൧
യേശു തൻെറ ജനങ്ങൾക്കു ൨൭
യേശു നാഥനേ ൨൨
യേശു പാടു മരണം ൪൮
യേശു നാഥാ പിശാചിനെ ൭൮
യേശു നിന്നെതാ ൧൪
യേശു ലോകനാഥനേ ൮
യേശുവോടു യേശുവോടു ൫൮
വിടാതെ കണ്ടെൻെറ സംക്രമം. ൭൧
വിശേഷ രാത്രി ഭോജനം ൫൫
വിസ്താരമുള്ള ആകാശം ൮

വെളിച്ചമായ യേശുവേ ൯൨
വൈകാതെ അടുത്തു മാപാപിയെ വാ ... ൧൭
ശാപപ്പെട്ട മരം അതു ൩൨
ശുദ്ധമുള്ള പുസ്തകം ൨൯
സത്യം വേണം എല്ലാനാളും ൪൦
സ്വർഗ്ഗത്തിൽ പോയ കർത്താവേ ൨൫
സ്വർഗ്ഗാലയം എൻ സ്വന്തത ൩൩
ഹല്ലേലുയ നല്ല ഒലി ൨൮
ഹാ യേശു ആത്മ വൈദ്യനേ ൩൪
ഹാ! യേശു! എന്റെ പാപം ൫൨
ഹാ രക്തം നിന്ദ കുത്തും ൪൭

ജ്ഞാനകീർത്തനങ്ങൾ

൧ S. M. (Falcon Street) 1

Praise to God.

ദൈവത്തിന്നു സ്തോത്രം.

൧. ഭൂവാസികൾ എല്ലാം
യഹോവെ വന്ദിപ്പിൻ!
താൻ ഏക സത്യ ദൈവമാം
എന്നോൎത്താനന്ദിപ്പിൻ!
താതന്നു സ്തോത്രം, ഹല്ലെലൂയാ!
പുത്രന്നു സ്തോത്രം, ഹല്ലെലൂയാ!
ആത്മാവോടും ഏകദൈവം
ആയവനെ വാഴ്ത്തുവിൻ.

൨ താൻ നല്ലവൻ സദാ
തൻ സത്യം ഒപ്പിപ്പാൻ;
കരുണെ എന്നും കുറയാ,
താൻ ഏകനാം മഹാൻ.
താതന്നു സ്തോത്രം.

“ *The spacious firmament on high*” Ps. 19.

ആകാശം ദൈവമഹിമയെ അറിയിക്കുന്നു സങ്കീ, ൧൯.

൧ വിസ്താരമുള്ള ആകാശം
ആകാശത്തിന്റെ മണ്ഡലം,
ദൈവത്തെ അറിയിക്കുന്നു:
തന്റെ ശക്തിയെ കാട്ടുന്നു.
ദിനം ദിനം നൽ ആദിത്യൻ
വെളിച്ചത്തെ തരുന്നവൻ,
സ്രഷ്ടാവിന്റെ കൈവേലയും
എല്ലാടവും താൻ കാണിക്കും.

൨ ചന്ദ്രൻ സന്ധ്യായാം സമയം,
പ്രകാശത്തെ താൻ കൊടുക്കും,
സ്രഷ്ടാവിന്റെ വിശേഷത
അതു പ്രസിദ്ധമാക്കുന്നു.
നക്ഷത്രങ്ങളൊക്കെ നിന്നു
ഗ്രഹങ്ങളോടു കൂടിയും,
സ്രഷ്ടാവിന്റെ കൈ വേലയും
ഇവ എപ്പോഴും കാണിക്കും.

൩ ക്രമാൽ ഇവ പുറപ്പെട്ടു
ആകാശത്തിനെ ചുററുന്നു.
ഇവെക്കു ഭാഷയുമില്ല,
വാക്കുകളും ഒന്നുമില്ല,

മീതെ ഇവ പ്രകാശിച്ചു,
സ്രഷ്ടാവു ദിവ്യനാകുന്നു.
ഇവ ദൈവത്തെ സ്തുതിച്ചു
സന്തോഷത്തോടു പാടുന്നു.

൩ (Luther) 3

Doxology.

ഉന്നതത്തിൽ ശക്തി സ്തോത്രം
ക്രിസ്തു നാഥനു വരേണം,
അവൻ തന്നെ ഇമ്മാനുവേൽ.
അവൻ യോഗ്യൻ, അവൻ യോഗ്യൻ,
എന്നെല്ലാരും ആർക്കേണം.

൪ (Praise) 4

" Glory, honour, praise and power."

മാനം സ്തോത്രം അധികാരം
ആട്ടിൻകുട്ടി ലഭിക്കേണം.
യേശു ക്രിസ്തു രക്ഷിതാവു.
അല്ലേലൂയ, അല്ലേലൂയ
അല്ലേലൂയ, സ്തുതിപ്പിൻ.

൫ L. M. 5

Doxology.

പിതാപുത്ര ആത്മാവുമാം,
ത്രിത്വത്തിൽ ഏക ദൈവമാം,
അവനു വന്ദനം യോഗ്യം,
അവൻ മാത്രം സത്യ ദൈവം.

൬ L. M. 6

Doxology.

ഒന്നായ് ഭരിച്ചു വാഴുന്ന,
ത്രിയേക ദൈവമാകുന്ന,
പിതാ, സുതൻ, ശുദ്ധാത്മനെ
സ്തുതിക്ക നാം ദിനേ ദിനേ!

൭ L. M. 7

കൎത്താവേ! ഇപ്പോൾ ഞങ്ങളെ
നീ നോക്കി രക്ഷിക്കേണമേ!
ഞങ്ങൾക്കു നിന്റെ നാമത്തെ
സ്തുതിപ്പാൻ തുണെക്കേണമേ!

The Holy Trinity.

പരിശുദ്ധ ത്രിത്വം.

൧ പിതാവേ! നിന്റെ ശക്തിയും
തേജസ്സും ഞങ്ങൾ ഇന്നു
പുകഴ്ത്തി വാഴ്ത്തി കുമ്പിടും
നിന്തിരു മുമ്പിൽ നിന്നു;
മാറാത്തു നിന്റെ രാജത്വം,
നടക്കുന്നുണ്ടു നിൻ ഹിതം,
മതി [illegible]രം നല്ല നാഥൻ.

൨ ഹാ! യേശു ക്രിസ്തോ! വാഴുക,
സ്വൎഗ്ഗസ്ഥന്ന് ഏക ജാതൻ,
നശിപ്പവൎക്കു നീ തുണെ,
നിന്നാലിണങ്ങി താതൻ.
ദരിദ്രക്കൂട്ടം കേൾക്കണം
കനിഞ്ഞു കൊൾക നിൻ ജനം,
വിശുദ്ധമാം കുഞ്ഞാടേ!

൩ സഭെക്കും വേണ്ടും കാൎയ്യസ്ഥൻ
സദാത്മാ നീയെ മാത്രം;
അതിനി മേലിൽ മുഴുവൻ
ആയ് തീരുക നിൻ പാത്രം.
നീ യേശുവെ വിളങ്ങിച്ചും,
പിശാചിനോടു പൊരുതും,
നിൻ ദാസന്മാരിൽ വാഴ്ക.

The star of Bethlehem. Matt. 2; 10.

ബെത്ലഹേമിലെ താരകം മത്താ ൨; ൧൦.

൧ നക്ഷത്ര സൈന്യം ഒക്കെയും
രശ്മികളായ്ക്കാണുമ്പോഴേ
പാപിക്കു പ്രീതിമാത്രമേ
നിൻ താരക ബെത്ലേഹമേ!

൨ നക്ഷത്ര ശ്രേണി ചൊല്ലുന്നു
ദൈവിക സ്തുതി എന്നുമേ,
തൃനാമം യേശു എന്നതു
നിൻ താരേടേ ബെത്ലേഹമേ!

൩ ആ തിരുവെട്ട മാളിക
കണ്ടാലോ പേടി നീങ്ങുമേ.
കോൾ കാററു ഓളം തക്കമാം
നിൻ താരയാൽ ബെത്ലേഹമേ!

൪ കഷ്ടം കൂടാതെ എത്തീട്ടു
ഞാൻ പാടും എന്നെന്നേക്കുമേ,
രാത്രിയിലേ പ്രധാനമാം
നിൻ താരക ബെത്ലേഹമേ!

The birth of Christ. Luke. 2. 11.

ക്രിസ്തുവിന്റെ ജനനം ലൂക്കോ. ൨; ൧൧.

൧ അഹോ എല്ലാ ജനങ്ങൾക്കും
ഉണ്ടാകും സുഖ ഭാഗ്യവും
ഉണൎത്തിച്ചാനന്ദിച്ചുടൻ
സ്വൎഗ്ഗീയ സുവിശേഷകൻ!

൨ മശീഹ ദാവീദൂരിൽ താൻ
ജനിക്കയാൽ സന്തോഷിക്കാം;
ഭൂചക്രത്തെല്ലാ ജാതിക്കാർ
ഈ ശിശുവിനെ നോക്കുവാർ.

൩ ക്ഷണത്തിൽ തേടി നോക്കുക
ഭൂലോകത്തിലിറങ്ങിയ
ആ ദേവ ലോകത്തുത്ഭവൻ—
ദുൎവ്വസ്ത്രത്തെ ഉടുത്തവൻ.

൪ അയ്യോ! നൽ വസ്ത്ര രാജസം
ലൌകീക കണ്ണിന്നാവശ്യം;
അതു കൂടാതെ മന്നിൽ ആർ
ഈ രക്ഷിതാവെ കൈക്കൊള്ളുവാർ?

The birth of Christ. Matt. 1. 21.

ക്രിസ്തുവിൻെറ ജനനം. മത്താ ൧: ൨൧.

൧ കേട്ടാലും! ഇടി ശബ്ദം പോൽ
ഇരുട്ടിൽ കൂടി ദൈവച്ചൊൽ.
മനുഷ്യവംശമേ! ഇതാ,
വന്നെത്തി ലോകരക്ഷിതാ!

൨ പ്രപഞ്ച ചിന്ത നീക്കുക,
കൺ ചെവിയും തുറക്കുക.
ഉദിച്ചു പുതു വാനമീൻ;
എല്ലാരും നോക്കുവാൻ വരീൻ!

൩ ഇതിനാൽ പാപ നാശവും,
പിതാവിൻ കൃപയും വരും.
ഇതാ! മനുഷ്യ രക്ഷയിൻ
സംപൂർത്തി, താണു വന്ദിപ്പിൻ!

൪ പിന്നെ വിധി നടത്തുവാൻ
മിന്നിവരും, ആ നീതിമാൻ;
ആ നാൾ തൻ ഭക്തരായവർ
ജീവനകം കടപ്പവർ.

The sinlessness of Christ.

യേശു ക്രിസ്തു പാപമില്ലാത്തവൻ.

൧ യാതൊരു പാപം കൂടാതെ
കൎത്താവ ജനിച്ചു:
പാപത്തിൻ തീണ്ടലില്ലാതെ
അവൻ താൻ ജീവിച്ചു.

൨ പാപം ചെയ്യാത്തതുകൊണ്ടു,
സാത്താനെ ജയിച്ചു.
തെറ്റാതെ അനുസരിച്ചു,
പുണ്യത്തെ ലഭിച്ചു.

൩ അവന്റെ ശുദ്ധ ദൃഷ്ടാന്തത്തെ
നാം പിന്തുടരേണം.
തന്റെ മഹാ സ്നേഹം കൊണ്ടു
തന്നെ സ്നേഹിക്കേണം.

൪ ദൈവമേ! നിന്നെ സ്നേഹിപ്പാൻ
നീ തുണെക്കേണമേ:
പാപം കൂടാതെ ജീവിപ്പാൻ
ശ്രമിപ്പിക്കേണമേ.

Baptism of Jesus.

യേശുവിന്റെ സ്നാനം.

൧. യൎദ്ദേനിൽ മുങ്ങി വന്നിതാ!
പാപിഷ്ഠർ ഓരോ വൎഗ്ഗം;
മദ്ധ്യെ നില്ക്കുന്നു രക്ഷിതാ-
ഹാ! എന്തിന്നു് ഠരം സംസൎഗ്ഗം?!
അവരിൽ എത്ര ദോഷമോ,
അയോഗ്യ മോഹ പാപമോ!
ഇവനിലെല്ലാം പുണ്യം.

൨. ഇവങ്കൽ എന്തഴുക്കെല്ലാം
കഴുകും ജല സ്നാനം?
അഴുക്കു ലോക പാപമാം-
അതിന്നായ് ദിവ്യ ജ്ഞാനം.
ജനിച്ചിട്ടു് മുപ്പതു
വളൎന്ന ശേഷം ഏററതു
രാജാചാൎയ്യാ ഭിഷേകം.

൩. പ്രവൃത്തി സ്ഥാനങ്ങളിലും
മുഖ്യം ക്രിസ്തു പ്രവൃത്തി.
എല്ലാവൎക്കും ആശെക്കും
ഇദ്ദേഹത്താൽ നിവൃത്തി-
തികെഞ്ഞു ചേല സ്നാനവും
പ്രവൃത്തിയും നിവൃത്തിയും
നിന്നാൽ എല്ലാൎക്കും ക്രിസ്തോ!

Christ's humiliation. Is. 53.

ക്രിസ്തുവിന്റെ താഴ്ച. യശ: ൫൩.

൧ പണ്ടുലകത്തിറങ്ങി
അതാ! യഹോവ വായ്,
ദൈവിക രൂപ ഭംഗി
വിട്ടേച്ചു മാംസം ആയ്!

൨ അനിഷ്ടം തൻ ആകാരം,
തൻ വാക്യം ആശ്ചൎയ്യം;
മനുഷ്യരാൽ ധിക്കാരം
ചിരിപ്പും തൻ ഫലം.

൩ അവൻ വഹിച്ച ഖേദം
സ്വരൂപിച്ചതു നാം;
അവന്റെ പ്രാണ ഛേദം
നമുക്കു സൌഖ്യമാം.

൪ നാം തെറ്റി പോകും ആടു
പോലുള്ള സ്വേഛക്കാർ,
മിണ്ടാത്ത ബലിയാടു-
ഇവൻ അല്ലാതെ-ആർ?

൫ തൻ ആത്മം, കുറ്റക്കാഴ്ച-
ആക്കീട്ടയിത്തുക്കം
യഹോവ രാജ്യ വാഴ്ച-
ഈ കയ്യിൽ സാധിക്കും.

Sufferings of Jesus for our salvation.

ക്രിസ്തുവിൻെറ കഷ്ടപ്പാടുകൾ.

൧ യേശു പാടു മരണം
യേശു മുറിവഞ്ചും
നഷ്ടക്കുള്ളോരൌഷധം,
ദുഷ്ടതെക്കു നഞ്ചും;
ചാവിനാകും ചാവിതേ;
നാശത്തിൻെറ നാശം.
മത്സരാന്ധകാരത്തെ
ശാസിക്കും പ്രകാശം.

൨ തോട്ടത്തിൽ നിൻ യാചനം
കാട്ടി യാചിപ്പിക്ക.
നിൻ വിയൎപ്പും രോദനം.
എന്നെ യത്നിപ്പിക്ക.
ദൂതൻെറ ആശ്വാസനം
വേദന അടക്കും
നേരത്തിങ്കൽ, നെഞ്ചകം
സ്വൈരത്തെ കൊടുക്കും.

൩ പാഴൻ നിന്നെ ചുംബിക്കും
തോഴാ എന്നുരെച്ചു,
തിന്മയെ കണ്ടോറെയും
നന്മ നീ പിണ്ണെച്ചു.
ഗൎവ്വം, ദ്രോഹം, ഉമിനീർ
സൎവ്വം നീ സഹിക്കും.
കേഫാവിന്റെ കണ്ണുനീർ
എപ്പോൾ ഇങ്ങൊലിക്കും!
൪ ആടി, തല്ലി, മുൾ മുടി-
ചൂടിയാർ നിൻ ചെന്നി;
താനും ക്രൂശെടുത്തു നീ;
ഞാൻ നിബ്ബന്ധം എന്നീ
നിന്റെ ക്രൂശെ പേറുവാൻ
എന്റെ ശക്തിയാക;
പിൻ നിനക്കായ് എമ്പുരാൻ
ചെന്ന് ഇദ്ദേഹം ചാക.

---

൧൬ C. M. 16

"Alas! and did my Saviour bleed?"

ക്രിസ്തുവിന്റെ മരണത്തെ കുറിച്ചുള്ള ധ്യാനം.

---

൧ അയ്യോ! എന്റെ രക്ഷിതാവ
അവൻ മരിച്ചുവയ്യോ!
ഇനിക്കു വേണ്ടി തന്നെയും
ബലി കഴിച്ചുവയ്യോ!

൨ എന്റെ പാപങ്ങൾക്കായിട്ടു
അവൻ സഹിച്ചതു,
അത്ഭുതമായുള്ള സ്നേഹം
അതിരററ കൃപ.

൩ മരണപ്പൊടു സമയം
ക്രിസ്തുവിനുണ്ടായി,
അപ്പൊൾ സൂര്യ്യൻ തൻ പ്രകാശം
മറെച്ചിട്ടുണ്ടായി.

൪. എൻ പേൎക്കു ശാപം പൂണ്ടിട്ടു
ക്രൂശിൽ മരിച്ചു താൻ.
ഈ സ്നേഹത്തിനു വേണ്ടീട്ടു
എന്തൊക്കെ നല്കും ഞാൻ;

൫ അശേഷം എന്നെ തന്നെ ഞാൻ
അവനു നല്കുന്നു.
ഇതൊന്നും മാത്രം ചെയ്യുവാൻ
എനിക്കു കൂടുന്നു.

The seven sayings of Christ on the cross.

കുരിശിൽ വെച്ചു ക്രിസ്തു പറഞ്ഞ വാക്കുകൾ.

൧ ഹാ! രക്തം, നിന്ദ, കുത്തും
ആയ് മുൾകിരീടത്തെ
അണിഞ്ഞും, കൺ കെട്ടും
കുനിഞ്ഞ തലയേ!
പണ്ടെത്ര അലങ്കാരം!
തേജസ്സും, നിൻ അണി;
ഇന്നെത്ര പാപഭാരം
കൊണ്ടുള്ള വൻപിണി.

൨ ഠരം വായിൽ നിന്നുരെച്ച
വാക്കേഴും കേട്ടു നാം,
ഇപ്പാരിൽ അഭ്യസിച്ചു
ചാവിൽ പ്രയോഗിക്കാം;
"ചെയ്യുന്നതെ അറിഞ്ഞു
കൂടായ്ക കൊണ്ടു, നീ
ഇവൎക്കിൽ കനിഞ്ഞു,
ക്ഷമിക്കുകേ" ഇതി.

൬ മനുഷ്യജാതി ഭ്രാതാ
അമ്മെക്ക് "ഇതാ മകൻ"
ശിഷ്യന്ന് "അതാ നിൻ മാതാ"
ഇതി പറഞ്ഞുടൻ,
"ഏദെനിൽ നീ എന്നോടു
ഇന്നെത്തും നിശ്ചയം"
എന്നോതു കള്ളനോടു
സന്തോഷകല്പിതം.

൭ "ഹാ! ലമ്മ ശബക്താനി
എലീ! എലീ!" എന്നാൻ
ഇരുട്ടിൽ സർവ്വജ്ഞതാനി
താനോ അകപ്പെട്ടാൻ;
"അഹോ! ഇനിക്കു ദാഹം"
എന്നെന്തിന്ന് ഒരം വിളി?
സമാപ്തം നിൻ ഉത്സാഹം,
സമാപ്തം നിൻ ബലി.

൮ "പിതാവെ! എൻ ആത്മാവെ
നിൻ കൈയിൽ ഏല്പിച്ചേൻ"
എന്ന് ഇപ്രകാരം ചാവെ
ജയിച്ചു കാണുന്നേൻ.
ആ മുൾ തറെച്ചു നെററി
കിരീടം അണിയും.
ചിലർ അറിഞ്ഞ പെററി
എല്ലാരും പുകഴും.

Under the cross.

കുരിശിന്റെ കീഴ്

൧ പൂൎണ്ണ തൃപ്തി കിട്ടുവാൻ
ഓരോ ഇടം തേടി ഞാൻ,
ഗൊല്ഗൊത്താവിൽ എത്തി നേരെ
പിന്നീയാളെ പാൎത്തുവേൻ!—

൨ ശാപംകൊണ്ടു ക്രൂശിനെ
പ്രാപിച്ചുള്ള യേശുവേ!
താണു നീ എൻ പാപത്താൽ
ആണു ദൈവ ക്രോധത്താൽ.

൩ "ഭാരമാണ്ടപാപിയേ!
"നീ തുളെച്ചമുറിയേ-
"ഓലും ചോര അതിൻവായ -
"പാർ! നിൻ കുററക്കാളെക്കായ്!"

൪ ദൈവപുത്രൻ രക്തത്തെ
ചിന്നിച്ചിനിക്കായല്ലോ!
"അപ്പാ! പൂൎണ്ണ ക്ഷമ താ"
പ്രാൎത്ഥിച്ചിനിക്കായത്രാതാ.

Christ died for sinners.

ക്രിസ്തു പാപികൾക്ക വേണ്ടി മരിച്ചു

൧ ജീവനാഥൻ ക്രൂശിൽ തന്റെ
വൈരികൾക്ക വേണ്ടിയും
പ്രാൎത്ഥിച്ചിട്ട്, ഇഹാധിപന്റെ
ചാവും ചാവിൻ നാശവും
ആയ്യുരിച്ചു.
ഹല്ലെലൂയാ! വന്ദനം.

൨ ചെയ്യുതിന്നതെന്നറിഞ്ഞു
കൂടാ, നിന്നെ കൊല്ലുന്നോർ,
പാപം ഒക്കെയും വെടിഞ്ഞു
കൂടാ, നിന്നെ വിടുന്നോർ
നിന്നെ കൊന്നേൻ,
എന്നെ ജീവിപ്പിക്കേണം.

൩ നിന്നെ ഞാൻ മറന്നു വിട്ടാൽ,
എന്നെ നീ മറക്കല്ലേ!
ഞാൻ നിനക്കലമ്പലിട്ടാൽ,
ഭാഗ്യം നീ തരേണമേ.
നീ മേടിച്ച
ലോകം നിന്റേതാകണം.

"Who gave Himself a ransom for all."

ക്രിസ്തു എല്ലാവൎക്കും വേണ്ടി തന്നെത്താൻ ഉദ്ധാരണമായി
എല്പിച്ചു.

൧ യേശു നാഥനേ!
ദൈവ സുതനേ!
പാപ മാനുഷൎക്കു പ്രിയ
ജീവ ദീപ ആദി യായ
ഏക രക്ഷകാ!
യേശു നാഥനേ!

൨ പാപിക്കായെല്ലോ,
ജീവൻ വിട്ടു നീ!
ദോഷം ആകെ നീക്കുവാനും
ശാപം തീരെ മാററുവാനും
നീചൻ പോലെ ല്ലോ!
ജീവൻ വിട്ടു നീ,

൩ ലോക ഭാഗ്യവും
പാപ ഇമ്പവും
നിന്റെ പേൎക്കു ഞാൻ വെറുപ്പാൻ
ആഗ്രഹം ഇനിക്കി രിപ്പാൻ,
എന്റെ നെഞ്ചകം
എന്നും വാഴക.

"It is finished"

"നിവൃത്തിയായി".

൧ നിവൃത്തിയായ് അവൻ കഴിഞ്ഞു,
എൻ യേശു കണ്ണടെച്ചുതേ;
എൻ തലവൻ തലകുനിഞ്ഞു,
ജീവാദിത്യൻ മറഞ്ഞുതേ:
ഉയിർ ചാവിന്ന് അധീനം ആയ്
ഹാ! നല്ല ചൊൽ, നിവൃത്തി ആയ്

൨ നിവൃത്തി! എന്നവൻ ഉരെച്ചു,
അടങ്ങി ജീവ വചനം.
ഓർ കുന്തം കൊണ്ടവർ തുളെച്ചു
കൃപ നിറെഞ്ഞ ഹൃദയം.
സർവ്വശക്തൻ അശക്തനായ്,
ഹാ! സത്യ ചൊൽ, നിവൃത്തി ആയ്.

൩ നിവൃത്തിയായ്! എൻ പാപഭാരം
ഫലനം കുറെഞ്ഞു തൽക്ഷണം;
പിഴകൾക്കാകെ പരിഹാരം,
കുഞ്ഞാട്ടിൻ രക്തം നിശ്ചയം.
പാതാള ബലം ചൂർണ്ണമായ്
ഹാ! സ്വാദു ചൊൽ, നിവൃത്തിയായ്

൪ നിവൃത്തിയായ്! ഹാ, ദൂതസേന
ആശ്ലേഷിപ്പാൻ കൊതിക്കിലും
അവരെ അല്ല നീ ദിനേന
ഈ പാപികളെ തഴുകും.
എൻ നെഞ്ചും നിൻ കിടക്കയായ്
ഹാ! ആററം ചൊൽ, നിവൃത്തിയായ്

൫ നിവൃത്തിയായ്! ഉറങ്ങും കാലേ
ഞാൻ ചായ്ക്കു-കുഴിക്കല്ലിന്മേൽ.
നിൻ ദൂതർ ഇങ്ങുണ്ടാകയാലേ
നിദ്രെക്കു തക്കത് ഈ ബെഥേൽ;
തുറന്നു കാണ്ക സ്വർഗ്ഗവാ‌യ്
ഹാ! ജീവ ചൊൽ, നിവൃത്തിയായ!

---

൨൨ 6 lines 7s (Zurich) 22

Resurrection of Christ.

ക്രിസ്തുവിൻെറ ഉയിൎപ്പു.

---

൧ ബഹുമാനം, മഹത്വം
ക്രിസ്തുവിന്നു കൊടുപ്പിൻ!
നമ്മുടെ രാജാവിന്നു
ഘോഷത്തോടെ പാടുവിൻ!
എഴുനീററു മശിഹാ
നമ്മുടെ രക്ഷിതാവു.

൨ ക്രിസ്തു കരേറി സ്വൎഗ്ഗം
ദൂതരപ്പോൾ കൈക്കൊണ്ടു,
അട്ടഹാസിച്ചു ഇവർ,
ഏറ്ററവും പ്രസാദിച്ചു,
സ്വൎഗ്ഗങ്ങൾ രാജാവിനെ
എന്നേക്കും കൈക്കൊള്ളുന്നു.

൩ സിംഹാസനത്തിന്മേലും
രാജാവായിരിക്കുന്നു,
ഠരം വിശുദ്ധ ദൈവത്തെ
ദൂതന്മാർ വന്ദിച്ചീടുന്നു.
അവരോടു കൂടെ നാം
രാജനെ സ്തുതിക്കേണം.

൪ കൃപയുള്ള ദൈവമേ!
ഞങ്ങൾ മേൽ പ്രകാശിച്ചു
യോഗ്യമായി സ്തുതിപ്പാൻ,
ബലത്തെ നീ നൽകുക.
ബഹുമാനം മഹത്വം
രാജാവിനു നൽകേണം.

Resurrection of Christ.

ക്രിസ്തുവിന്റെ ഉയിൎത്തെഴുനീല്പ.

൧ പ്രേത കല്ലറയെ
യേശു ക്രിസ്തു വിട്ടു;
അവൻ ശത്രുക്കളെ
ജയിച്ചെഴുനീററു.
ഭയം ഹേതു
കാവല്ക്കാരും
എല്ലാവരും
താണുവീണു.

൨ ദൈവ ദൂതന്മാരും
ഇങ്ങിറങ്ങിവന്നു;
അനുസരിക്കയും
ചെയ്വാൻ അവർ നിന്നു.
അവർ വന്നു
സന്തോഷവും
ആനന്ദവും
അവൎക്കുണ്ടു.

൩ പിൻ സ്വൎഗ്ഗത്തിലേക്ക
വേഗത്തിൽ പറന്നു;
കരേറി ഇരുന്നു
ഇവ്വണ്ണം കീൎത്തിച്ചു-
യേശു ക്രിസ്തു
സഹിച്ചവൻ
മരിച്ചവൻ
എഴുനീററു.

൪ നാശത്തിങ്കൽ നിന്നു
രക്ഷിക്കപ്പെട്ടവർ,
ക്രിസ്തുവിങ്കലേക്ക
പോയിരിക്കുന്നവർ
പറയുന്നു-
സഹിച്ചവൻ,
മരിച്ചവൻ
ജീവിക്കുന്നു.

൫ ജയിച്ച കൎത്താവു
ശുദ്ധരെ രക്ഷിക്കും;
എന്നേക്കും അവനു
അവർ സ്തുതി ചെയ്യും.
തന്റെ രാജ്യം
ഭൂമിയിലും
സ്വൎഗ്ഗത്തിലും
വൎദ്ധിപ്പിക്കും.

Christ conquering death by His Resurrection.

മരണത്തിന്മേൽ ക്രിസ്തുവിന്റെ ജയം.

൧ ചാകിൻ കെട്ടിനെ അഴിച്ചു
എഴുന്നീററ രക്ഷകൻ!
ഭൂമി ദേവനെ ജയിച്ചു
ഹാസമാക്കും നായകൻ!
വാഴുക സൎവ്വേശ പുത്ര!
ഞാനും സേവിക്കാമല്ലോ;
ക്രൂശാം നിന്റെ രാജ മുദ്ര
എങ്കൽ ഇടുക, പ്രഭോ!

൨ ചേൎത്തെടുത്ത പാപഭാരം
നീ ഇറക്കി കളഞ്ഞാൽ-
നിന്നെ വിട്ട വ്യഭിചാരം
ക്ഷമിച്ചിട്ടു മാററിയാൽ
ഞാൻ നിനക്കു തോന്നുവോളം
പിന്നെ ചെല്ലാം യുദ്ധത്തിൽ
സാത്താൻ മാംസവും ഭൂലോകം
തോല്പിക്കാം നിൻ കൊടിയിൽ.

൩ ഞാൻ ശ്മശാനത്തിൽ ചെല്ലുമ്പോൾ
നിൻ ശവത്തെ ഓൎക്കുന്നേൻ.
ഉള്ളമേ! നീ കെട്ട് അഴിഞ്ഞാൽ
അബ്ബാ കൈയിൽ ഏല്പിപ്പേൻ-
മാംസത്തെ പൊടിക്കുകീടം!
എഴുനീല്ക്കും നാൾ വരും.
ഓരോ വീരന്ന് ഓർ കിരീടം!
സൈന്യത്തെല്ലാം സ്തുതിയും.

൨൫ L. M. 25

Ascension of Christ.

ക്രിസ്തുവിന്റെ കരേററം

സ്വൎഗ്ഗത്തിൽ പോയ കൎത്താവേ!
ഞങ്ങൾ നിന്നെ സ്തുതിക്കുന്നു;
അവിടെ ഒരു സ്ഥലത്തെ
നീ ഞങ്ങൾക്ക ഒരുക്കുന്നു.
൨ പിതാവിൻ വലത്തു കൈയിൽ
നീ എപ്പോഴും ജീവിക്കുന്നു;
ഞങ്ങൾക്കായിട്ടു സ്വൎഗ്ഗത്തിൽ
അവനോടു യാചിക്കുന്നു.
൩ പിശാചിന്റെ കോപത്തെക്കാൾ
നിന്നിൽ ഏററം ബലം ഉണ്ടു;
നീ നിന്റെ സൎവ്വ ശക്തിയാൽ
അവനെ നശിപ്പിക്കുന്നു.

൨൬

൪ നിന്നിൽ വിശ്വസിക്കുന്നവർ
നിന്നെ കൊണ്ടു ജീവിക്കുന്നു;
നിന്നിൽ വിശ്വാസത്താൽ അവർ
പിശാചിനെ ജയിക്കുന്നു.

൫ ഹേ! കൎത്താവായ യേശുവേ!
എല്ലാ പ്രാപ്തി നിന്നിൽ ഉണ്ടു;
വിശ്വസിച്ചു ഞങ്ങൾ നിന്നെ
നന്ദിയോടു സ്തുതിക്കുന്നു.

---

൨൬ C. M. 26

Offices of Christ.

ക്രിസ്തുവിന്റെ വിശുദ്ധ സ്ഥാനങ്ങൾ:

൧ യേശു തന്റെ ജനങ്ങൾക്കു
രാജാവു ആകുന്നു;
സകലം അവൻ ജയിപ്പാൻ,
അവൻ താൻ വാഴുന്നു.

൨ യേശു തന്റെ ജനങ്ങൾക്കു
ആചാൎയ്യൻ ആകുന്നു;
അവൎക്കു വേണ്ടി സ്വൎഗ്ഗത്തിൽ
അപേക്ഷ ചെയ്യുന്നു.

൩ യേശു തന്റെ ജനങ്ങൾക്കു
ദൎശിയും ആകുന്നു;
തൻ ആത്മാവിനാൽ അവൎക്കു
പ്രബോധിപ്പിക്കുന്നു.

൪ യേശു തന്റെ ജനങ്ങൾക്കു
ഇടയൻ ആകുന്നു;
രാവും പകലും അവരെ
താൻ പാലിച്ചീടുന്നു.
൫ ആയതുകൊണ്ടു യേശുവേ!
കൃപചെയ്യേണമേ!
നിൻ ഭാഗ്യ സ്വൎഗ്ഗ കൂട്ടത്തിൽ
എന്നെ ആക്കേണമേ!

---

൨൭ 6 lines 8, 7. (Rousseau) 27.

Jesus the good Shepherd.

യേശു നല്ല ഇടയൻ.

---

൧ യേശു ആട്ടിടയ ശ്രേഷ്ഠൻ,
ഇന്നേ മാൎഗ്ഗേ നടത്തോൻ;
എളിയോൎക്കും അവൻ ജ്യേഷ്ഠൻ,
തെററിയോരെ കടത്തോൻ.
യേശു തന്നെ മേയ്പ ശ്രേഷ്ഠൻ,
ശുഭ മാൎഗ്ഗേ നടത്തോൻ.
൨ ധനം, ശ്രീ, ബലം, മഹത്വം
അല്പമേ ഈ കൂട്ടത്തിൽ,
ദൈവരാജ്യത്തിന്റെ തത്വം
വേണ്ടുമീടെല്ലാവരിൽ,
യേശു തന്നെ മേയ്പ ശ്രേഷ്ഠൻ,
ശുഭ മാൎഗ്ഗേ നടത്തോൻ.

൨ ആശ, സ്നേഹവും, വിശ്വാസം
ഉളവാക്കും യേശു താൻ.
ഭക്തിയുള്ളോരിൽ ആശ്വാസം
കാണിക്കും ഈ നസൽ പുമാൻ
യേശു തന്നെ മേസ്സ ശ്രേഷ്ഠൻ
ശുഭ മാൎഗ്ഗേ നടത്തോൻ.

൩ താഴ്ത്തിയോരെ താൻ ഉയൎത്തും,
മുറിഞ്ഞോരെ കെട്ടിക്കും,
സഹിച്ചോരെ താൻ പുകഴ്ത്തും,
ക്ലേശമെല്ലാം ആട്ടിക്കും,
യേശു തന്നെ മേസ്സ ശ്രേഷ്ഠൻ,
ശുഭ മാൎഗ്ഗേ നടത്തോൻ.

൪ ഞാൻ അഹോ ഗരം നല്ല ആളെ
പിന്നെല്ലാം ഭൂതലത്തിൽ,
വിശ്വസിച്ചു കൃപയാലെ
ഇരിക്കാം തൻ അരികിൽ.
യേശു തന്നെ മേസ്സ ശ്രേഷ്ഠൻ,
ശുഭ മാൎഗ്ഗേ നടത്തോൻ.

"*Rejoice, the Lord is king.*"

ക്രിസ്തു സൎവ്വരാജൻ

൧. കൎത്താവു വാഴുന്നു
രാജാനം വന്ദിപ്പിൻ,
ദൈവജനങ്ങളേ!
ജയസന്തോഷിപ്പിൻ,
സന്തോഷിപ്പിൻ, സന്തോഷിപ്പിൻ,
ഹാ! ശബ്ദം ഉയൎത്തി പാടുവിൻ.

൨. ദൈവമായിടുന്ന
രക്ഷകൻ വാഴുന്നു.
ദോഷങ്ങൾ നീക്കി താൻ
മേലിൽ ഇരിക്കുന്നു;
സന്തോഷിപ്പിൻ, സന്തോഷിപ്പിൻ,
ഹാ! ശബ്ദം ഉയൎത്തി പാടുവിൻ.

൩. ക്രിസ്തുവിന്റെ രാജ്യം
എന്നും ഇരിക്കുന്നു;
അവൻ എല്ലാററിന്മേൽ
കൎത്താവു ആകുന്നു.
സന്തോഷിപ്പിൻ, സന്തോഷിപ്പിൻ,
ഹാ! ശബ്ദം ഉയൎത്തി പാടുവിൻ.

൪. ആനന്ദിച്ചുകൊൾവിൻ,
ക്രിസ്തു വീണ്ടും വരും.
തൻ ഭൃത്യരെ എല്ലാം
രക്ഷകൻ കൈക്കൊള്ളും;
കാഹളം ദൂതൻ ധ്വനിക്കും,
ഹാ! അപ്പോൾ നാം സന്തോഷിക്കും.

---

൨൯. C. M. 29

"How sweet the name of Jesus sounds."

യേശുനാമ മഹിമ.

---

൧. നല്ലൊച്ചതന്നെ യേശു പേർ.
ശിഷ്യന്റെ ചെവിയിൽ.
അതെല്ലാ സൌഖ്യത്തിന്നും വേർ;
ഭയം നീക്കും മതിൽ.

൨. മുറിക്കാതെ ചികിത്സിക്കും;
അകററും സങ്കടം.
വിശക്കിൽ അതു മന്നായും;
തളൎന്നാൽ വിശ്രമം.

൩. എൻ മേയ്പൻ, ഭൎത്താ, സ്നേഹിതൻ,
വഴി, സത്യം, ഉയിർ,
പ്രഭു, ഗുരു, പുരോഹിതൻ;
നീയാകെൻ ഉൾതളിർ.

൪ ഇന്നേ സ്തുതി ചെറുതഹോ;
ഇരപ്പെൻ സ്നേഹമാം;
നിന്നേ ഞാൻ കാണുമ്പോൾ വിഭോ!
എൻ സ്തോത്രം സാരമാം.
൫ തല്ക്കാലത്തൊ ഞാൻ നിൻെറ നേർ
കൃപയും ഘോഷിക്കും;
ആശ്വാസമാക നിൻെറ പേർ
ഇനിക്കു ചാവിലും.

---

൩൦. 55, 88. 55. (Nassau.) 30

Praise to Christ.

ക്രിസ്തുവിനു സ്തുതി.

---

൧ ജീവ പ്രഭുവേ!
രക്ഷകൻ നീയേ.
എല്ലാം ആദാമിൽ നശിച്ചു;
നല്ല നാളിൽ നീ ജനിച്ചു.
ചത്ത ജാതിക്കായ്
ജീവ ഉറവായ്.
൨ സ്നേഹാധിക്യത്തിൽ,
ചോര കുരിശിൽ
ചൊരിഞ്ഞും, നീ ശാപത്തിനു
മോക്ഷം വരുത്തേണ്ടതിനു,
ശാപമായുടൻ
എന്നെ വീണ്ടവൻ.

൩ രാജാ, നിൻ ബലം
ഞാൻ വണങ്ങണം.
നിധിപോലെ നിന്റെ വാക്കും
വിധിയും എല്ലാം വശാക്കും.
നിന്നുടെ ബലി
മാത്രം എൻ ഗതി.

---

൩൧. 8 lines 7, 6. 31

Gratitude to Christ.

ക്രിസ്തുവിനോടുള്ള നന്ദി.

---

൧ ഞാൻ എങ്ങിനെ മറക്കും?
എന്നെ ഓൎക്കുന്നോനേ!
ഞാൻ എങ്ങിനെ വിലക്കും?
എൻ ആത്മ വൈദ്യനേ!
ഞാൻ രോഗിയായ്ക്കിടന്നു;
നീ ശാന്തി തന്നവൻ
കാരുണ്യ സൌഖ്യം വന്നു,
നിന്നാൽ, എൻ രക്ഷകൻ.

൨ ൟ സ്നേഹത്തെ ഞാൻ ഓൎത്തു
എൻ സ്നേഹം വിടാമോ?
കനിഞ്ഞു കണ്ണീർ തോൎത്തു
തന്നോനെ തള്ളാമോ?

എൻ ലജ്ജ നീ ചുമന്നു
ക്രൂശിൽ തറെച്ചവൻ;
പിന്നാലെ ഞാനും വന്നു
അയോഗ്യ സേവകൻ.

൩ നിൻ സേവയിൽ എൻ ദേഹം
വെച്ചേക്കാം നാഥനെ!
നിന്നിൽ വാടാത്ത സ്നേഹം
കാട്ടേണം യേശുവേ!
മരണം വന്നാൽ പിന്നെ
നീ മാത്രം എൻ ധനം;
സന്തോഷ പൂൎണ്ണം അന്നേ
വിശ്വാസം സഫലം.

---

൩൨ 87, 87, 47, 32

Jesus precious.

യേശു വിലയേറിയവൻ.

---

൧ പരമണ്ഡലത്തിലുള്ള
മഹത്വമെൻ വാഞ്ഛയാം,
യേശുവാം നൽ കനിവുള്ള
രാജാവെൻ ധനം എല്ലാം;
കൺകാണാതെ
ആത്മാവിശ്വസിച്ചതേ.

൨ ലോകസൌഖ്യമായ് ഭവിക്കും
നൂറു വത്സരത്തിലും
ക്രിസ്തുവോടെ സഞ്ചരിക്കും
ഒരു നാളും നേരവും
ഏറെ നല്ല.
കാണ്മായ്വരികെൻ പ്രഭോ!

൩ ദാഹം തീൎക്കുവാൻ നദിക്കു
ഓടിപ്പോം തളൎന്ന മാൻ.
ദാഹമുണ്ടല്ലോ ഇനിക്കു,
ശക്തി പോര ഓടുവാൻ;
ചേൎത്തു കൊണ്ടു
തൃപ്തൻ ആക്ക ദാസനേ.

൩൩ 8 Lines 8, 7. (Haydn) 33

Praise to Christ.

ക്രിസ്തുവിനു സ്തുതി.

൧ എന്റെ രക്ഷകനു പാടി
തൻ സ്തുതി ചെയ്യാതയ്യോ,
എത്ര നാൾ കഴിച്ചു ചാടി!
പുത്രനിതു പറവമോ?
ദൈവഹൃദയം വിശാലം
അവൻ രക്ഷ കുറയാ
ശേഷം ഒക്കെയും തല്ക്കാലം
ദൈവസ്നേഹമേ സദാ.

൨ മിത്രങ്ങൾക്ക വേണ്ടി അല്ല
ശത്രുവെന്നറിഞ്ഞവൻ,
ചിത്രമേ ഇനിക്കനല്ല
പുത്രനെയും തന്നവൻ;
അക്കരെ കടപ്പാൻ പാലം
തക്കത്തില്ല് അവൻ വിനാ:
ശേഷം ഒക്കെയും തല്ക്കാലം
ദൈവ സ്നേഹമേ സദാ.

൩ ഭൃത്തർ ചുററി എന്നെ കാക്കും
മോദത്തോടു സേവിക്കും;
തല്ലൽ എന്നെ നല്ലതാക്കും;
അല്ലലോ അറെപ്പിക്കും.
ചാവിനാലും എന്നെ നിത്യം
ജീവിപ്പിക്കും നിൻകൃപ:
ശേഷം ഒക്കെയും അനിത്യം
ദൈവ സ്നേഹമേ സദാ.

൩൪ 87, 87, 47. 34

Prayer for the Holy Spirit.

പരിശുദ്ധാത്മാവിനോടുള്ള അപേക്ഷ.

പരിശുദ്ധാത്മാവേ! നിന്നാൽ
എല്ലാ കൃപ വരുന്നു.
നിന്റെ കൃപയാം ശക്തിയാൽ
ദൈവ ജീവൻ ഉളകുന്നു.
ദൈവാത്മാവേ!
ഞങ്ങൾ നിന്നെ നോക്കുന്നു.

൨ കൎത്താവേ! നല്ല ബുദ്ധിയെ
ഞങ്ങൾക്കു തരേണമേ!
നിൻ വാക്കു അറിവാനായി
നീ പഠിപ്പിക്കേണമേ!
ദൈവാത്മാവേ,
വെളിച്ചം നല്കേണമേ!

൩ മോക്ഷ മാൎഗ്ഗത്തെകുറിച്ചു
ഉള്ളിലെ വിരോധത്തെ
പറിച്ചുകളഞ്ഞു കൊണ്ടു
എന്നെ നന്നാക്കേണമേ!
നീ ശുദ്ധമാക്കേണമേ.

൪ ശുദ്ധ വഴിയിൽ നടപ്പാൻ
ആത്മ സൌഖ്യത്തെ തന്നു,
യേശുവിൽ ആശപ്പെടുവാൻ
എന്നെ ഉയൎത്തേണമേ!
ദൈവാത്മാവേ!
കൃപയെ നല്കേണമേ.

൩൫ L. M. 35

Prayer for the Holy Spirit.

പരിശുദ്ധാത്മാവിനോടുള്ള അപേക്ഷ.

൧ ആത്മാവേ! വന്നു ഞങ്ങളെ
വിശുദ്ധീകരിക്കേണമേ.
ഹാ! അഭിഷേക ആത്മാവേ,
നിൻ വരത്തെ നല്കേണമേ!

൨ മേലിൽ നിന്നഭിഷേകവും
ആശ്വാസം ജീവൻ സ്നേഹവും
തന്ന് അന്ധകാരം നീക്കുക.
സൽബുദ്ധികൊണ്ടു പൂരിക്ക.
൩ നിൻ കൃപ കൊണ്ടു ഞങ്ങളെ
നീ സന്തോഷിപ്പിക്കേണമേ
ശത്രുക്കളെ നീ ജയിക്ക,
വിമോക്ഷ മാൎഗ്ഗം കാണിക്ക.
൪ പിതാവും, പുത്രനും നീയും
ത്രി ഏക ദൈവ സമനം.
ഞങ്ങൾ നിൻ ദാനം നേടിയാൽ
സംഗീതം പാടി പറയാം:—
൫ പിതാവു, പുത്രൻ, ആത്മാവേ!
എന്നും സ്തുതി ഉണ്ടാകട്ടേ.
അല്ലേലൂയ, അല്ലേലൂയ,
അല്ലേലൂയ, ആമേൻ! ആമേൻ.

൩൬ 55, 88, 55. 36

Invocation of the Holy Spirit.

പരിശുദ്ധാത്മാവിനോടുള്ള അപേക്ഷ.

൧ ദൈവ ശുദ്ധാത്മാ!
മേവിക്കൊൾവാൻ വാ!
ലോകമായ നിത്യം ആട്ടി
കൺ കാണാത്ത സത്യം കാട്ടി,
താഴ്മയുള്ളോരെ
വാഴിക്കേണമേ!

ചത്തോർ ഉള്ളിൽ തീ
കത്തിച്ചു തുകിൽ
കാററെ, ആകം അഗ്നിസ്നാനം—
ശുദ്ധവാക്കെട്ടുക്കും ജ്ഞാനം.
വാളാൽ വെട്ടുക!
നാശം ഉദിക്കുക!
൩ സ്നേഹം സൃഷ്ടിക്ക!
ദേഹം നിനക്കു;
ഇഷ്ട വാസം ആയിരിപ്പാൻ
ശിഷ്ട പാപത്തെ ജയിപ്പാൻ
എന്റെ നെഞ്ചകം
വെക്ക നിൻ ഗൃഹം.
൪ എന്റെ ഉള്ളത്തിൽ
വിത്തു പോലെ നിൽ
മതി എന്നിൽ നിന്നാശ്വാസം
മരണവും പരിഹാസം
ലോകർ പേടിക്കും,
ഞാനോ ജയിക്കും.

---

൩൭ L. M 37

The Sabbath.

കർത്താവിന്റെ ദിവസം.

൧ ഇതാ! കർത്താവിൻ നാളിതു,
നാം ഇന്നു ആചരിക്കണം;
ഭൂലോക കാര്യം വെറുത്തു
തൻ വന്ദനെക്കു കൂടെണം.

൨. വിശേഷമായി പാപത്തെ
നശിപ്പിപ്പാൻ തൻ സ്നേഹത്തെ
അവൻ മരിച്ചു കാണിച്ചു,
മരിച്ചു നമ്മെ രക്ഷിച്ചു.

൩. അവന്റെ ഘോരം സ്നേഹത്തിനു
നാം എന്നും സ്തോത്രം ചെയ്യണം;
താൻ വീണ്ടുയിൎത്തു, അതിനു
ഇന്നും തൻ കീൎത്തി പാടണം.

൪. കൎത്താവേ! നിന്നെ വന്ദിപ്പാൻ
സഹായം ചെയ്തീടേണമേ!
നിൻ ശുദ്ധമുള്ള വാക്യത്താൽ
എന്നെ ശുദ്ധൻ ആക്കേണമേ!

നവ 87, 87, 77, (Holstein.) 38

Sabbath morning.

ശാബത ദിവസം:

---

൧. ഹല്ലെലൂയ! നല്ല ഒളി
ആയുദിച്ചു നാൾ ഇതാ!
ദിവ്യ സാമ വാക്യം ചൊല്ലി
പാപം നീക്കും രക്ഷിതാ
ഹാ! മഹാ സന്തോഷനാൾ;
സ്വസ്ഥം കൊൾവിൻ ഓരോ ആൾ

൨. ദേഹ ദേഹിക്കും വിശ്രാമം
ഏകും ശാബതാം ഇതു.
ഇരുൾ മായ ലോക കാമം
നീക്കും നൽ മരുന്നിതു.
ഭാഗ്യം തേടും ഓരോ ആൾ
ആചരിക്കീ നല്ല നാൾ.

൩. പച്ച മേച്ചിലിൽ ൧രം എന്നെ
ആക്കി തീററും സൽ പിതാ
ദാഹത്തിന്നു നീരും പിന്നെ
കാട്ടും താമസം വരാ;
പൃലമ്ഞ്ഞാം കൃപയാൽ
നന്മ വളൎക്കും ബലാൽ.

൪. വേദവാക്യം ഫലിപ്പിക്ക,
ദാസന്മാൎക്കു തുണെക്ക,
നിയമത്തെ ഉറെപ്പിക്ക,
ഉള്ളിൽ ചൊൽ ഇറക്കുക,
ദിവ്യ മന്നാ ഏകിതാ,
സഭെക്കുള്ള നൽഭൎത്താ!

---

൩൯ 7s. 39

"*Holy Bible, Book divine.*"
വേദപുസ്തക മഹിമ.

൧. ശുദ്ധമുള്ള പുസ്തകം,
എന്റെ സ്വന്ത നിക്ഷേപം;
എന്റെ അവസ്ഥ എല്ലാം
നിന്നെ കൊണ്ടു അറിയാം.

൨· നീ ബുദ്ധിയെ ചൊല്ലുന്നു,
ദൈവത്തെ നീ കാട്ടുന്നു,
കാലുകൾക്കു ദീപം നീ,
തെററിയാൽ ഉണൎത്തും നീ.
൩· ഞങ്ങൾക്കു കഷ്ടം വന്നാൽ
നീ ആശ്വാസത്തെ നല്കും·
ജയിക്കാം വിശ്വാസത്താൽ
എന്നും പ്രബോധിപ്പിക്കും.
൪· മേൽ ലോകത്തെ കുറിച്ചും
ഈ പുസ്തകം ചൊല്ലുന്നു.
ശുദ്ധ വേദ പുസ്തകം
എൻ നിക്ഷേപമാകുന്നു·

൪൦ C. M. 40

Delight in the worship of God. *Ps.* 84.

ദൈവവന്ദനയോടുള്ള പ്രീതി. സങ്കീ. ൮൪.

൧ കൎത്താവേ! നിന്റെ ആലയം
എത്ര മനോഹരം!
കൃപ കാണിക്കുന്ന സ്ഥലം
എത്ര മഹാ സാരം!
൨ എല്ലായ്പോഴും ഇങ്ങു പാൎപ്പാൻ
ഞാൻ ആഗ്രഹിക്കുന്നു;
നിൻ സന്നിധിയിൽ വന്ദിപ്പാൻ
വാഞ്ഛിച്ചിരിക്കുന്നു.

൩ നിൻ സ്നേഹം ജ്വലിക്കുന്നവർ
ഭാഗ്യവാന്മാർ ആകും;
നീ ഉപദേശിക്കുന്നവർ
ഭക്തിയുള്ളോർ ആകും.

൪ നിൻ ഭവനത്തിൽ ഒരുനാൾ
ആയിരിക്കുന്നതു,
ദൂരെ ആയിരങ്ങളേക്കാൾ
ബഹുത്വം നല്ലതു.

൫ നിൻ ആലയത്തിൻ സേവയിൽ
എന്നെ ഓൎക്കേണമേ!
എന്റെ ദുഃഖഹൃദയത്തിൽ
കൃപ നല്കേണമേ!

൬ നിൻ ശുദ്ധ വഴിയിൽ എന്നെ
നടത്തിക്കേണമേ!
ആ വഴിയിൽ സന്തോഷത്തെ
തോന്നിപ്പിക്കേണമേ!

---

൪൧ C. M. 41

Before preaching.

വന്ദനയിൽ ദൈവാനുഗ്രഹത്തിനു അപേക്ഷ.

൧ കൎത്താവേ! നീ ഈ നേരത്തിൽ
സമീപിക്കേണമേ!
ഇപ്പോൾ നിന്റെ ആലയത്തിൽ
പ്രകാശിക്കേണമേ!

൨ നിന്റെ വിശുദ്ധ വാക്യത്തെ
നീ കേൾപ്പിക്കേണമേ;
അതുൾകൊൾവാൻ എൻ ഉള്ളത്തെ
നീ തുറക്കേണമേ!
൩ പ്രസംഗിപ്പാൻ നിൻ ദാസനു
സഹായിക്കേണമേ;
നിൻ ആത്മ ദാനം അവനു
ഇപ്പോൾ നല്കേണമേ!
൪ ഞങ്ങൾക്കും നിൻ ആത്മാവിനെ
നല്കേണം ദൈവമേ!
തന്റെ കൃപയാൽ ഠരം ദിനേ
ധന്യർ ആക്കേണമേ!

൪൨ C. M. 42

"Prayer is the soul's sincere desire."

പ്രാൎത്ഥന ആത്മ വാഞ്ഛയാകുന്നു

൧ പ്രാൎത്ഥന ആത്മ വാഞ്ഛയാം,
അടെച്ചുരെച്ചതും;
ഉള്ളിൽ ഒളിച്ച അഗ്നി താൻ
അതിങ്കൽ ജ്വലിക്കും.
൨ കണ്ണീരും ദീൎഘശ്വാസവും
പ്രാൎത്ഥനയായ് വരും.
വിശ്വാസികൾക്കെല്ലായ്പോഴും
ഇതത്രേ ബിംബിക്കും.

൩ പ്രാൎത്ഥന ശിശുവും ചെയ്വാൻ
പ്രയാസം ഇല്ലതിൽ;
അത്യുന്നതന്നു ഇഷ്ടമാം
ഉൾസാരം ഉണ്ടതിൽ.

൪ പ്രാൎത്ഥന ജീവ കുറിയും
വിശ്വാസിക്കായുധം;
പാതാളദ്വാരേ കേൾപ്പിക്കും
സ്വൎഗ്ഗത്തിൽ ആശ്രയം.

൫ അനുതപിക്കും പാപികൾ
പ്രാൎത്ഥന ചെയ്യുമ്പോൾ
സന്തോഷിക്കും സ്വൎവ്വാസികൾ
അത്ഭുതം അവർ ചൊൽ.

൬ വിശ്വാസികൾ പ്രാൎത്ഥിക്കയിൽ
തമ്മിൽ കൂട്ടായ്മയെ
പിതാവിനോടും പുത്രനിൽ
സംസൎഗ്ഗം കാട്ടുതേ.

൭ ഭൂവിങ്കൽ മാത്രം പ്രാൎത്ഥന
എന്നില്ല, യേശുവും
സ്വൎഗ്ഗേ വിശുദ്ധ യാചന
കഴിക്കും ആത്മാവും.

൮ എൻ ജീവൻ, സത്യം, വഴിയും,
പ്രാൎത്ഥിച്ച യേശു താൻ.
പഠിപ്പിക്കേണമേ വിഭോ!
പിതാവെ വന്ദിപ്പാൻ.

൨ നിന്റെ വിശുദ്ധ വാക്യത്തെ
നീ കേൾപ്പിക്കേണമേ;
അതുൾകൊൾവാൻ എൻ ഉള്ളത്തെ
നീ തുറക്കേണമേ!

൩ പ്രസംഗിപ്പാൻ നിൻ ദാസനു
സഹായിക്കേണമേ;
നിൻ ആത്മ ദാനം അവനു
ഇപ്പോൾ നല്കേണമേ!

൪ ഞങ്ങൾക്കും നിൻ ആത്മാവിനെ
നല്കേണം ദൈവമേ!
തന്റെ കൃപയാൽ ഒരു ദിനേ
ധന്യർ ആക്കേണമേ!

---

൪൨ C. M. 42

"Prayer is the soul's sincere desire."

പ്രാൎത്ഥന ആത്മ വാഞ്ഛയാകുന്നു

---

൧ പ്രാൎത്ഥന ആത്മ വാഞ്ഛയാം,
അടെച്ചുരെച്ചതും;
ഉള്ളിൽ ഒളിച്ച അഗ്നി താൻ
അതിങ്കൽ ജ്വലിക്കും.

൨ കൺനീരും ദീൎഘശ്വാസവും
പ്രാൎത്ഥനയായ് വരും.
വിശ്വാസികൾക്കെല്ലായ്പൊഴും
ഇതത്രേ ബിംബിക്കും.

Baptism.

ജ്ഞാനസ്നാനം.

൧ പിതാ പുത്രാത്മ തിരുനാമം
ഞാൻ ചൊല്ലി സ്നാനപ്പെട്ടവൻ;
ഇന്നാളിൽ ഞാൻ അവൻ സന്താനം
വിശുദ്ധ സഭ ചേൎന്നവൻ;
ക്രിസ്തിങ്കൽ നട്ടു പോയ നാം
തന്നോടും എഴുന്നീററ ആൾ.

൨ പിതാവില്ലാതെ ഞാൻ അനാഥൻ
ആയാറെ ഇപ്പോൾ പുത്രനായ്
കുമാരനോടൊരനുജാതൻ
സൎവ്വാവകാശി കൂടെ ആയ്.
പിന്നെ സദാത്മാവായവൻ
എന്നേക്കും എന്റെ കാൎയ്യസ്ഥൻ.

൩ ഈ സ്നേഹത്തിന്ന് ഓർ ഒത്ത സ്നേഹം
ഞാൻ കാണിക്കാതിരിക്കുമോ?
മനസ്സു, ദേഹി, മാംസദേഹം,
നിനക്കിതൊക്കെയും പ്രഭോ!
പിശാചിൻ ഇഷ്ടം സേവയും,
എടുക്കയില്ലയായ് വരും.

൪ ഈ നിൎണ്ണയം ഞാൻ ഒരുനാളും
ഇളക്കയില്ലെന്ന് അറിയാം.
പരിച, ചട്ട, തൊപ്പി, വാളും
ഞാൻഅവററാൽ ജയിപ്പതാം.
ഞാൻ പുത്രൻ എന്നതു ദിനം
മനസ്സിൽ ഞാൻ ഉറെക്കണം.
൫ ഇരുട്ടിന്ന് ഇല്ല അധികാരം;
ഇല്ലൊരു ചെഞ്ചു ഇനിമേൽ.
നിന്നാൽ ഒടുങ്ങി അന്ധകാരം
വിളങ്ങി വാ ഇമ്മാനുവേൽ!
നടപ്പിൽ മോക്ഷം പററിയാൽ,
നീ കഴുകേണം എന്റെ കാൽ.

൪൪ L. M. 44

The Lord's Supper.

കൎത്താവിന്റെ അത്താഴം.

൧ വിശേഷ രാത്രി ഭോജനം,
വിശുദ്ധ ശ്രേഷ്ഠമാം ധനം,
കൎത്താവിൻ സ്നേഹ സാധനം,
തൻ ഭക്തൎക്കൊരു പാലനം.
൨ കൎത്താവു ംരം വിരുന്നിൽ താൻ;
ക്ഷീണിച്ചവർ കൈക്കൊള്ളുവാൻ
തൻ മാംസ രക്തം നല്കുവാൻ.
ഒരുങ്ങി ചേൎന്നോൻ ഭാഗ്യവാൻ.

൩ എത്ര താലന്തു കിട്ടിയോ,
വിശ്വസ്തനായ ശിഷ്യനോ,
സഹിച്ച വേലക്കാരനോ,
എന്നെല്ലാം കർത്താ നോക്കുന്നു.

൪ മുമ്പുള്ള ക്ഷമ മറന്നോൻ,
വിശുദ്ധാത്മാവെ തള്ളുന്നോൻ,
തന്നെ പിശാചിന്ന് ഏല്പിച്ചോൻ,
ശ്രീ പന്തിയിൽ ചേരാത്തോൻ,

൫ തൻ ദേഹിയോടു പോർ വെട്ടി,
ജഡത്തിൻ മോഹത്തെ വിട്ടു,
ദുർ ആശ്രയം എല്ലാം ആട്ടി,
യത്നപ്പെട്ടവൻ വരട്ടെ.

൬ വിശുദ്ധാത്മാ വിളിക്കുന്നു,
നുറുങ്ങിയ ഹൃദയം താ!
വിശ്വാസം ആശ പൂണ്ടിന്നു
സന്ദേഹം പേടി വിട്ടും വാ!

൭ കർത്താവ് എന്നെയും ക്ഷണിച്ചോൻ,
എൻ പാപം എല്ലാം ക്ഷമിച്ചോൻ,
വിമോചനം നിക്ഷേപിച്ചോൻ,
ഉയിർപ്പാൻ ശക്തി കല്പിച്ചോൻ.

൮ പ്രിയങ്കൽ നല്ല താതനേ!
സഭെക്കു രക്ഷ കർത്തനേ!
ശുദ്ധാത്മാ ആം കാര്യസ്ഥനേ!
സ്തോത്രം നിത്യം ത്രിയേകനേ!

"Come to Jesus."

യേശുവോടു ചേരുവിൻ.

൧ യേശുവോടു, യേശുവോടു,
യേശുവോടു ചേരിൻ;
ചേരിൻ! യേശുവോടു
യേശുവോടു ചേരിൻ!

൨ വീണ്ടെടുപ്പോൻ, വീണ്ടെടുപ്പോൻ
വീണ്ടെടുപ്പോൻ ഉടൻ;
ഉടൻ വീണ്ടെടുപ്പോൻ
വീണ്ടെടുപ്പോൻ ഉടൻ;

൩ നമ്പിവന്നേൻ, നമ്പിവന്നേൻ
നമ്പിവന്നേൻ ഇന്നേ.
ഇന്നേ, നമ്പിവന്നേൻ
നമ്പിവന്നേൻ ഇന്നേ.

൪ ഹല്ലെലൂയാ, ഹല്ലെലൂയാ
ഹല്ലെലൂയാ ആമേൻ;
ആമേൻ ഹല്ലെലൂയാ
ഹല്ലെലൂയാ, ആമേൻ.

"O Jerusalem, Jerusalem, thou that" *Matt.* 23, 37.

"യറുശലേമേ! യറുശലേമേ" മത്താ. ൨൩, ൩൭.

൧ യറുശലേം! യറുശലേം!
ഉയൎന്ന ഊർ പണ്ടേ;
ഭവിച്ചു നീ ദൈവാലയം,
ഭൂമിയിൽ സ്വൎഗ്ഗമേ!
ഇന്നോ, നിൻ മക്കളോടയ്യോ!
നീ ശാപപ്പെട്ടതാം.
യറുശലേം! യറുശലേം!
നിന്നിൽ കരയും നാം.

൨ യഹോവ സ്തുതി പാട്ടുകൾ
സീയോനിൽ ഇല്ലാതായ്.
നീ ചേൎത്ത കഷ്ടപ്പാടുകൾ
മക്കൾക്കു നേട്ടമായ്.
നീ ഏകയായ് ശേഷിച്ചിപ്പോൾ
പേർ വിധവ എന്നായ്.
യറുശലേം! യറുശലേം!
നിന്നിൽ കരയും നാം.

൩ യറുശലേം! യറുശലേം!
നിൻ രക്ഷ ഓൎത്തുകൊൾ;
കുരിശിൽ കൊന്ന കുഞ്ഞാടെ
ആധാരമാക്കികൊൾ;

അനുതപിക്കും മാനസം
തൻ കണ്ണിന്ന് ഇഷ്ടമാം
അവനെ നേടാൻ താമസം;
ചെയ്യാൽ കരയും നാം.

---

൪൭ 11s. 47

Invitation to sinners.

പാപികളോടുള്ള വിളി.

൧. വൈകാതെ അടുത്തു മാ പാപിയേ! വാ:
ആകാശത്തിൽ നിന്നെ വിളിക്കുന്നിതാ!
വിസ്താരനാളിൽ നിലനില്പാൻ നീ ആർ?
ചിററിമ്പം വെറുത്തു നിൻരക്ഷ നീ പാർ:

൨. വൈകാതെ ക്രൂശെക്കു തൽക്ഷണം [നീ ചെൽ;
ആകാത്തവക്കുണ്ടു കാരുണ്യ കടൽ.
വില കൂടാതെ അതിൽ കോരിക്കൊള്ളാം;
അലക്കിയാൽ പോം നിൻ കളങ്കം എല്ലാം.

൩. വൈകാതെ പാപത്തെ വെടിഞ്ഞു, മെ [യ്യായ്
ദുഃഖിച്ചു, ഏററു ചൊൽവാൻ തുറക്ക- [വായ്
എല്ലാം പറഞ്ഞാലും അവൻ മൎഷിയാ:
വല്ലാത്ത പുത്രനിൽ കനിഞ്ഞ പിതാ.

൪. വൈകാതെ വാ; ഇതാ നൽ കാരുണ്യ
[നാൾ.
പ്രകാശം അടുത്തതല്ലോ! മുമ്പിലേക്കാൾ
നീ ഇന്ന് അവൻെറ വാക്കു കൈക്കൊ
[ള്ളാഞ്ഞാൽ
ചാവിൻ നിഴലിൽ ഇടറുന്നേ നിൻ
[കാൽ.
൫. വൈകാതെ നിൻ രക്ഷകനെ നോക്കി
[ക്കൊൾ;
താൻ സ്നേഹത്തോടല്ലോ വിളിക്കുന്നി
[പ്പോൾ.
ഒട്ടേറെ കഷ്ടം ഏററു നിൻ പേൎക്കു താൻ
നീ നല്ല സന്തോഷം ഇന്നെങ്കിലും താ.

൪൮ 11s 48

"Yet there is room" Luke. 14. 22.

ഇനിയും സ്ഥലം ഉണ്ടു. ലൂക്കോ. ൧൪; ൨൨.

൧. ഉണ്ടു് ഇനി വിസ്താരം-കല്യാണവീട്ടിൽ;
ക്ഷണിച്ചവൻ വാതിൽ- തുറന്നളവിൽ:
കൎത്താവിൻ നിയോഗം-കൊണ്ടത്ര ജനം
കേൾപ്പിക്കുന്നു് ൟ വാക്യം-ഉണ്ടു് ഇനി
[ഇടം

൨. ഉണ്ട് ഇനി വിസ്താരം-തൻ പന്തി അ
[ത്തിൽ;
തീരാത്ത സല്ക്കാരം-കൊള്ളേണമെങ്കിൽ
ഭക്ഷിച്ചാൽതൃശ്വാസം-കണ്ടെത്തും ഉടൻ;
ചെയ്യാം നിത്യവാസം-പ്രവേശിച്ചവൻ
൩. ഉണ്ടിനി വിസ്താരം-അകത്തുപിതാ;
വാത്സല്യ വിചാരം-നടത്തും സദാ.
തൻ പുത്രൻ മരിച്ചു-നമ്മെ രക്ഷിക്കാൻ,
ഭരിപ്പാൻ എഴുന്നു- പരത്തിൽ പുക്കാൻ;
൪. ഉണ്ട് ഇനിവിസ്താരം-വിശന്നോൎക്കെല്ലാം.
ഹേ! എത്ര നിസ്സാരൻ-ആയാലും ചെല്ലാം;
എൻ നാവു വരണ്ടു-പോകുന്ന ദിനം
ഇനിക്കു കിട്ടട്ടെ-ഒരം നല്ല ഇടം.

൪൯ L. M. 49

Prayer for the salvation of all men.

സൎവ്വ മനുഷ്യരുടെയും രക്ഷെക്കായി അപേക്ഷ.

൧. കൎത്താവേ! പാപ ലോകത്തിൽ
ഇക്കാലം നീ കടാക്ഷിക്ക;
പിശാചിൻ വ്യാജ മാൎഗ്ഗത്തിൽ
നടക്കുന്നോരെ രക്ഷിക്ക.
൨. നീ ജീവനുള്ള ദൈവം ആം,
അജ്ഞാനികൾ നശിക്കുന്നേ.
പൊൻ വെള്ളി കല്ലു മൺ മരം
നീ എന്നു വന്ദിച്ചിടുന്നേ.

൩. വ്യാജങ്ങൾ ഏറെ മൎത്യരിൽ
വാഴുന്നതാൽ ഇവ്വണ്ണമേ
നാശത്തിനുള്ള മാൎഗ്ഗത്തിൽ
ആലോചിക്കാതെ പോകുന്നോ.
൪. കൎത്താവേ! നിന്റെ ശക്തിയാൽ
ദുൎമ്മാൎഗ്ഗം എല്ലാം നീക്കുകേ;
നീ തന്ന സത്യ മാൎഗ്ഗത്തിൽ
എല്ലാരെയും വരുത്തുകേ.
൫. അൻപേറും ദൈവ താതനേ!
കൺ കാഴ്ച കെട്ട ലോകരിൻ
ഉൾകൺ തുറന്നു യേശുവെ
കണ്ടീടുവാൻ ചെയ്യേണമേ.

൫൦ 7s (Harts) 50

Prayer for the conversion of the heathen.

അജ്ഞാനികളുടെ മനസ്സുതിരിവിനായി അപേക്ഷ.

൧. യേശു ലോക നാഥനേ!
നാശം ആകും മൎത്യരെ
നീ കടാക്ഷിക്കേണമേ;
വേഗം രക്ഷിക്കേണമേ.
൨. ശത്രുവെ ജയിച്ച മാ
ശക്തി ഏറും ദൈവമേ!
നീ രക്ഷിച്ച കൂട്ടമോ
വൻ പിശാചെ വെല്ലുമേ.

൩. സൎവ്വ ലോക മൎത്യൎക്കും
പാപം ഏറെ ആഗ്രഹം;
നീ സൽ ബുദ്ധി കല്പിക്ക,
മക്കൾ ആക്കി രക്ഷിക്ക.

൪. നിൻ വിശുദ്ധ വേദത്തിൽ
ചേൎത്തിൻ പ്രകാശത്തിൽ,
മൎത്യരെ നടത്തുകേ,
ഭക്തി നല്കി കാക്കുകേ.

൫. ഊമ വിഗ്രഹങ്ങളിൻ
നാമവും ക്ഷേത്രങ്ങളും.
ഭൂവിൽ നിന്നു നീക്കുകേ
ദൈവ രാജ്യം ആക്കിതെ.

---

൫൧ 8 Lines 7, 6. (Munich) 51

Prayer for pardon.

പാപക്ഷമെക്കായി അപേക്ഷ.

---

൧. കാരുണ്യ ജ്യോതിയായ
മശീഹ യേശുവേ!
മനുഷ്യരുടെ മായ
അകററും സത്യമേ!
എൻ പാപത്തെ ക്ഷമിച്ചു
സന്തോഷത്തെയും താ;
നീ മാത്രമേ ജയിച്ചു,
ഞാൻ ഒന്നും സാധിയാ.

൮. ഈ ഭ്രഷ്ടനായ പാപി
അറിഞ്ഞു നിൻ ബലം,
ഇപ്പോഴെ അനുതാപി
ആയ്തീൎന്ന ശരണം.
അബദ്ധം എൻ വിരോധം,
നികൃഷ്ടം എൻ പണി.
സൽ ന്യായം നിൻ്റെ ക്രോധം;
ഉചിതം എൻ പിണി.

൯. കാട്ടിൽ കുടുങ്ങി നിന്ന
ഞാൻ എങ്ങിനെ വരും!
പേടിച്ച ആടാം എന്നെ
തേടാൻ മററാർ വരും!
നിനക്കു നല്ല ലാക്കു
തെളിഞ്ഞു മുമ്പിനാൽ;
നീഎന്നെ ഒന്നു നോക്കു,
ക്ഷമെക്ക് ഇരക്കയാൽ.

൰. പിതാവേ! ഉദ്ധരിച്ചു,
അകൃത്യം ഒക്കവേ
ഞാൻ ന്യായമായ്വിധിച്ചു,
പകെപ്പാറാക്കുകേ!
എൻ ഉള്ളിൽ നിൻ്റെ വാക്കും
കടക്കൺ നോക്ക് എല്ലാം
വേരൂന്നി നില്പാറാക്കു,
എന്നാൽ സുഖം ഉണ്ടാം.

ഒന്നു.

Prayer for pardon.

പാപക്ഷമെക്കായി അപേക്ഷ.

---

൧. ഹാ, യേശു! എന്റെ പാപം
നിനെച്ചു വന്നു ഞാൻ:
നീ തന്നെ അനുതാപം
ശമിപ്പിക്ക് എൻ പുരാൻ.

൨. ഠരം പാപി ചെയ്തു ദോഷം
അനേകം, ഓൎക്കയാൽ,
അസഹ്യമായ് നിൻ രോഷം;
ഭയം നിൻ വിധിയാൽ.

൩. ഹാ, യേശു! കൃപ കാട്ടി
എൻ ദുഃഖം തീൎത്തു താ;
മാ വൈരിയെ നീ ആട്ടി,
അകത്തു പാൎപ്പാൻ വാ.

൪. നിൻ ക്രൂശിൽ എൻ ശരണം,
നിൻ രക്തം ആശ്രയം;
എൻ ദേഹം ലാഭിക്കേണം
നിന്നോടെ ആശ്വാസം.

The contrite spirit. Is. 57; 15.

പൊടിഞ്ഞ ഹൃദയത്തിൽ ക്രിസ്തു വസിക്കുന്നു. യശാ. ൫൭; ൧൫

൧. പൊടിഞ്ഞ ഹൃദയത്തിൽ
വസിക്കുന്നവനേ!
നിൻ വാക്കിൻ പ്രകാരം എന്നിൽ
പ്രവേശിക്കേണമേ.

൨. എന്നിൽ സകല ദോഷത്തെ
മരിപ്പിക്കേണമേ;
ഉള്ളിലെ എല്ലാ പാപത്തെ
നീ കെടുത്തേണമേ.

൩. പാപത്തിൽ വിഴുന്നു പോയി
ഞാൻ നഷ്ടം ആകുന്നു;
എന്നാൽ നിന്റെ ആത്മാവിനെ
ഞാൻ അപേക്ഷിക്കുന്നു.

൪. അവനാൽ ഞാൻ ഇനിമേലാൽ
നിന്നിൽ ആനന്ദിക്കും:
തന്റെ കൃപയാൽ മോക്ഷത്തിൽ
ഞാൻ നിന്നെ സ്തുതിക്കും.

Prayer for mercy.

കരുണെക്കായി അപേക്ഷ.

൧ ദൈവമേ! എന്റെ വിളിയെ
ഇപ്പോൾ ചെവിക്കൊള്ളേണമേ.
നിന്നിൽ മാത്രം എന്റെ ആശ;
കരുണ ഉണ്ടാകേണമേ.

൨. പാപിയായ ഞാൻ വരുന്നു,
ഹാ! നീ എന്നെ തള്ളരുതേ.
നിനക്കു കരുണ ഉണ്ടു,
കരുണ കാണിക്കേണമേ.

൩. പാപത്താൽ ഹീനനാം എന്നെ
നീ ശക്തിപ്പെടുത്തേണമേ;
എന്നോടു അലിവു തോന്നി
കരുണ ഉണ്ടാകേണമേ.

൪. പാപ അശുദ്ധനാം എന്നെ
നീ ശുദ്ധീകരിക്കേണമേ;
കരുണ എനിക്കു വേണം.
കരുണ ഉണ്ടാകേണമേ.

൫. ഒടുക്കത്തെ സ്വർഗ്ഗത്തിങ്കൽ
നടത്തി കൈക്കൊള്ളേണമേ;
അങ്ങു നിൻ ശുദ്ധന്മാരോടു
ഞാൻ നിൻ കരുണ പാടട്ടെ.

Prayer for mercy.

കരുണെക്കായി അപേക്ഷ.

൧. എന്നോടു നല്ല കൎത്താവേ!
കരുണെയുണ്ടാകേണമേ;
നിൻ കൃപ ശ്രേഷ്ഠമുള്ളത
നിൻ സ്നേഹം നിത്യമുള്ളത.

൨. ഞാൻ കുററക്കാരനാകുന്നു,
പ്രമാണത്തെ ഞാൻ ലംഘിച്ചു;
നിന്റെ രക്തത്തിൽ ക്രിസ്തുവേ!
എൻ ദോഷം കഴുകേണമേ.

൩. ദോഷങ്ങൾ ഞാൻ പ്രവൃത്തിച്ചു,
എവിടെ ഞാൻ ഏററുപറയുന്നു?
ഇപ്പോൾ ശിക്ഷിപ്പാൻ നിനക്കു
കൎത്താവേ! ന്യായമുള്ളതു.

൪. എങ്കിലും നല്ല കൎത്താവേ!
എന്നോടു ക്ഷമിക്കേണമേ.
കൃപയിൽ ഞാൻ ആശ്രയിക്കും,
നിൻ രക്ഷയിൽ സന്തോഷിക്കും.

Prayer for divine assistance.

ദൈവസഹായത്തിന്നു വേണ്ടി അപേക്ഷ.

൧ ഭൂവിങ്കൽ പാൎക്കും നാളും
എൻ പ്രാൎത്ഥന ഇതാ:—
നിനക്കത്രെ ൟ ആളും;
തുണെക്ക രക്ഷിതാ!

൨ ഉദയ സന്ധ്യാ കാലെ
തൂക്കൈ എൻ ശരണം;
നിൻ വകയാം ൟ ആളെ
തുണെപ്പാൻ വരേണം.

൩ പ്രപഞ്ച ചതിയാലെ
ഭ്രമിച്ചു നില്ക്കുമ്പോൾ,
നിനക്കത്രെ ൟ ആളെ
കൎത്താ! നീ കാത്തുകൊൾ.

൪ പാപങ്ങൾ കുത്തുന്തോറും
നിൻ രക്തം ആശ്രയം;
നിനക്കത്രെ എപ്പോഴും
ൟ ആളും നില്ക്കേണം.

൫ ദീനങ്ങളാൽ വലെഞ്ഞും
കരഞ്ഞും അളവേ,
നിനക്കത്രെ ൟ നെഞ്ചും
തുണെക്ക യേശുവേ!

൩ പിശാചും മാംസം ലോകം
ഒന്നോട് അടുക്കുമ്പോൾ;
ഇല്ലടിയനു ശോകം;
അമൎത്തും യേശു കോൽ.

൫൭ 7, 6. 57

Our need of grace and its supply.

നമുക്കു ആവശ്യമുള്ള കൃപയെ ദൈവം തരുന്നു.

൧ കൃപ എല്ലാവരോടും
ഉണ്ടായിരിക്കുക;
നാം തേടി സേവിച്ചോട്ടും
കൎത്താവിന്റെ കൃപ.

൨ നിൻ കരുണ ആധാരം
ആയ് നില്ക്ക, അല്ലായ്കിൽ
അസാദ്ധ്യം എൻ സഞ്ചാരം
ഇടുക്കു മാൎഗ്ഗത്തിൽ.

൩ ഞാൻ സംശയം ഒഴിച്ചു
കൃപെക്കു ചോദിച്ചാൽ,
കൎത്താവിൽ ആശ്രയിച്ചു
നിലെക്കും എന്റെ കാൽ.

൪ പടതോല്ക്കാതിരിപ്പാൻ
കൃപ അത്യാവശ്യം;
വിശ്വാസത്താൽ ജയിപ്പാൻ
കഴിവ് അതിൻ വരം.

൩ ഞെരുക്കം നാം അത്യന്തം;
തൻ പുണ്യ രക്തത്താൽ
നാം മരണ പൎയ്യന്തം
ജയിക്കും ആദരാൽ.

൪ പ്രഭോ! ഇരുട്ടിൽ പാൎക്കും
സഭയെ കേൾക്കുക;
കൃപ നിന്റെതെല്ലാൎക്കും
ഇനിക്കും നല്കുക.

---

൫൮ 85, 83. 58

"Art thou weary, art thou languid?"
Matt. 11; 28.

യേശു പ്രയാസവും ആയാസവും ഉള്ളവൎക്ക രക്ഷകൻ.
മത്തായി. ൧൧; ൨൮.

---

൧ ദുഃഖ ഭാവം നിനക്കുണ്ടോ?
പാപമുള്ളോനേ!
എങ്കലേക്കു നോക്കികൊണ്ടാൽ
സ്വസ്ഥമേ.

൨ ഇപ്രകാരം വിളിച്ചോനു
ലക്ഷണം എന്താ?
കൈകാൽ മാൎവ്വിൽ ക്രൂശ്ശുപാടു
നിൻ പേൎക്കു.

൩ രാജസ്ഥാനം അവനുണ്ടോ
എന്നെ വിളിപ്പാൻ?
ഉഗ്ര സത്യം, മുൾകിരീടം
സ്ഥാനമാം.

൪ അവന്റെ പിന്നാലെ ചെന്നാൽ
ലാഭം എന്തഹോ?
ഏറെ ദുഃഖം ഏറെ പണി
ഉണ്ടല്ലോ.

൫ അവനെ വിടാതെ നിന്നാൽ
എന്തുണ്ടാകുമോ?
ദുഃഖം നാസ്തി വേല തീർന്നു
അക്കരെ.

൬ കൂടെ പോരും എന്നു ചൊന്നാൽ
തള്ളിമാററുമോ?
ഭൂമി സ്വർഗ്ഗം പോകുവോളം
ഇല്ലല്ലോ.

God the giver of grace

ദൈവം കൃപാകരൻ.

൧ എൻ പിതാവായ കൎത്താവേ!
ഞാൻ നിന്റെ വക ആകുന്നു;
എന്റെ ജീവന്റെ ശ്വാസത്തെ
നീ തന്നെ പാലിച്ചിട്ടുന്നു;
ഞാൻ മൺ എന്നു നീ അറിഞ്ഞു,
നീ തന്നെ എന്നെ നിൎമ്മിച്ചു.

൨ നിന്നെ അനുസരിക്കാതെ
ഞാൻ പാപി തന്നെ ആകുന്നു;
നിൻ കോപത്തിനു പിതാവേ!
ഞാൻ അതിയോഗ്യൻ ആകുന്നു;
യേശു മൂലം കൃപകൊണ്ടു
ഞാൻ രക്ഷപ്പെട്ടിരിക്കുന്നു.

൩ പാപം ആയ എൻ ഹൃദയം
ഈ ലോകത്തെ സ്നേഹിക്കുന്നു.
നിൻ ആത്മാവു അതിൽനിന്നു
എൻ പ്രിയം വിടിയിക്കുന്നു.
അതിനാൽ എൻ ആത്മാവിനെ
പൂൎണ്ണ ശുദ്ധമാക്കേണമേ.

൪ നിൻവഴിയിൽ നടപ്പാനും
എന്നെ സഹായിക്കേണമെ;
എന്നും നിന്നെ സ്തുതിപ്പാനും
ആത്മ പ്രാപ്തി നൽകേണമെ;
ഞാൻ മോക്ഷത്തിലെക്ക വരും,
സ്തോത്രം നിത്യമായി തരും.

൬൦ L. M. 60

Prayer to Christ for guidance.

യേശുവിൽ ആശ്രയം.

൧ ഈ അന്ധകാര കാലത്തിൽ
എഴുന്നരുൾക യേശുവെ!
വെളിച്ച വാക്ക സഭയിൽ
ദിനം പ്രതി നല്കേണമെ.

൨ നീ എന്നിയെ ഈ ലോകത്തിൽ
നിൻ കൂട്ടം മെയ്പാൻ ആരുണ്ടാം?
വിശുദ്ധ വചന പൊരുൾ
ഏകേണമെ ഞങ്ങൾക്കെല്ലാം.

൩ പിശാചിൻ ക്രൂര കൈകളിൽ
ഉൾപ്പെട്ടതെ വിടീക്കഹൊ;
അവന്നു നിന്റെ ഭക്തരിൽ
ഓർ അവകാശം ഇല്ലല്ലോ.

൪ ആകെട്ടു നിന്റെ രക്തത്താൽ
അഴിഞ്ഞും അററം പൊയയല്ലോ;
നീ പിശാചെജയിച്ചപോൽ
ഞങ്ങൾക്കും താ ജയം, പ്രഭോ!

൬൧ **L. M.** 61

Jesus heals our soul's diseases.

യേശു ആത്മവൈദ്യൻ.

൧ ഹാ യേശു ആത്മ വൈദ്യനേ!
തീൎത്താലും മനോരോഗത്തെ;
ദീനങ്ങൾ എണ്ണിക്കൂട്ടുമോ!
സൎവ്വൌഷധം നിൻ ചൊൽ, ഗുരോ!

൨ ഞാൻ കുഷ്ഠരോഗി, എൻ വിളി-
"തൊടാതിരു! തീണ്ടാതിരു!"
എന്നാലും കണ്ടവൎക്കെല്ലാം
തൊടേണം എന്നു പ്രാൎത്ഥിക്കാം.

൩ മുടന്തനായ് കിടക്കുന്നോൻ;
നടപ്പാൻ ചൊന്നാൽ ഓടുവേൻ.
പ്രകാശം നീ-കുരുടൻ ഞാൻ,
കൺ കാണുവേൻ നിന്നാലെ ഞാൻ.

൪ ഞാൻ ചെകിടൻ; നീ, ദൈവ ചൊൽ
അനുസരിച്ചു വന്ന പോൽ,
എൻ ചെവി വേദ വാക്കിനു
തുറന്നാൽ, എത്ര നല്ലതു!

൬ ഞാൻ ഊമൻ; നീ ദിവ്യ ചൊൽ ആം-
ഗ്രഹിച്ച വചനം എല്ലാം
കരുത്തിനോടറിയിപ്പാൻ
നീ കല്പിച്ചാൽ, പ്രസംഗി ഞാൻ.

—o—

൬൨ C. M. (Ashley) 62

The goodness of Christ in salvation.

ക്രിസ്തുവിന്റെ ദീൎഘക്ഷമ.

---

൧ തൻ വംശം യേശു രക്ഷിപ്പാൻ
വിളങ്ങി ഭൂമിയിൽ;
രക്ഷിക്ക മാത്രം, ആ മഹാൻ
നടത്തുന്ന തൊഴിൽ.
മാനം സ്തോത്രം അധികാരം
ആട്ടിൻ കുട്ടി ലഭിക്കേണം,
യേശു ക്രിസ്തു രക്ഷിതാവ,
ഹല്ലെലൂയ, സ്തുതിപ്പിൻ.

൨ മനസ്സോടല്ല ശിക്ഷിക്കും,
തുലോം ക്ഷമിപ്പവൻ;
വിശ്വാസം അററ ഏവൎക്കും
പരൻ ന്യായാധിപൻ.
മാനം സ്തോത്രം—

൩ ഇന്നേ വരെ അവൻ തൃക്കൈ
നിനക്കായ് നീട്ടുമ്പോൾ,
വിശ്വാസത്തെ ആ പേരിൽ വൈ
നിൻ രക്ഷ ഏററു കൊൾ.
മാനം സ്തോത്രം—

൪ വിധിപ്പാൻ എത്ര താമസം!
ആശ്ചൎയ്യം നിൻ കൃപാ;
ഇനിക്കും യേശുവേ! ജയം
എല്ലാം തികെച്ചു താ.
മാനം സ്തോത്രം—

---

൬൩ 8, 7. 63

The curse removed.

പാപശാപം നീങ്ങിയതു.

൧ ശാപപ്പെട്ട മരം അതു
യേശുവിന്റെ കുരിശു;
ദിവ്യനായ ദൈവ പുത്രൻ
അതിൽ തൂങ്ങി മരിച്ചു.

൨ ശാപപ്പെട്ട ആണി നാലും
കൈയ്യും കാലും കടന്നു.
മുൾകിരീടം ദിവ്യ തല
മാന്തി ശാപം ലഭിച്ചു.

൩ കുന്തം ദിവ്യ വിലാപ്പുറം
കുത്തി മുറിച്ചു്, ആകയാൽ
അത്തും മുറിപ്പിച്ച കൈയും
ശാപപ്പെട്ടു അതിനാൽ.

൪ യൂദ കൂട്ടർ റോമക്കാരും
ശത്രു സൈന്യം എല്ലാരും
അന്നു ശാപപ്പെട്ടു, അവർ
കോപ പാത്രം സർവ്വരും.

൫ ദിവ്യൻ തന്നെ പാപഹീനൻ,
പാപികൾക്കു ശാപം ആയ്.
താൻ സഹിച്ച കഷ്ടം കൊണ്ടു
മർത്യശാപം നീങ്ങിപ്പോയ്.

൬൪ L. M. 64

What is "the cross of Christ." Gal. 6: 14.

"ക്രിസ്തുവിൻെറ കുരിശു." ഗലാ. ൬: ൧൪.

൧ ക്രിസ്തുവിൻെറ കുരിശെന്തു?
ചോദ്യം ഇതു നല്ല സാരം.
തെററിപ്പോയാൽ അതുകൊണ്ടു
പാപികൾക്കു ആത്മനാശം.

൨ പൊന്നു, വെള്ളി, മരം കൊണ്ടു
തീൎക്കപ്പെട്ട രൂപത്തിങ്കൽ
രക്ഷയില്ല ഒരുനാളും;
ജീവൻ ഉണ്ടോ മരത്തിങ്കൽ?

൩ ക്രിസ്തുവിന്റെ കുരിശത
തന്റെ കഷ്ട അനുഭവം;
തന്റെ രക്തവിയൎപ്പു ദുഃഖം,
അരിഷ്ടമുള്ള മരണം.

൪ ഇതിൽ വിശ്വസിക്കും പാപി
ലോകത്തിങ്കൽ രക്ഷപ്പെടും;
രക്ഷിതാവിൻ കഷ്ടം മൂലം
മോക്ഷത്തിങ്കൽ എന്നും വാഴും.

---

൬൫ 87, 87, 47. 65

Trust in Christ.

വിശ്വാസിയുടെ ശരണം.

---

൧ യേശുനാഥാ! പിശാചിനെ
ഞങ്ങളുടെ കാല്ക്കീഴെ
നീ ആക്കി, നിന്റെ കൂട്ടത്തെ
നോക്കി, ഞങ്ങൾക്കെന്നുമേ
ശക്തി തന്നു;
ആശ്വസിപ്പിക്കേണമേ!

൨ ശുദ്ധ വഴിയിൽ നടപ്പാൻ
നിൻ കൃപ നല്കേണമേ;
ഇപ്പോൾ ഞങ്ങളെ സൂക്ഷിപ്പാൻ
നിൻെറ കൈ നീട്ടേണമേ;
എല്ലാവിഘ്നം
ഞങ്ങൾക്കു കാട്ടേണമേ.

൩ ഞങ്ങളുടെ ആത്മാക്കളെ
നിന്നോടു ചേൎത്തുകൊണ്ടു,
നിൻ ആത്മാവിൻെറ സ്നേഹത്തെ
ഞങ്ങളിൽ പകൎന്നിട്ടു,
എല്ലാ കൃപ
നീ വൎദ്ധിപ്പിക്കേണമേ.

൪ അതിനാൽ ഞങ്ങൾ നിനക്കു
എപ്പോഴും സ്തോത്രം ചെയ്യും;
ഞങ്ങളുടെ വായും ഇന്നു
നിൻെറ മഹത്വം പാടും;
നിൻെറ കീൎത്തി
എന്നുമേ അറിയിക്കും.

"When I can read my title clear."

ദിവ്യമായ മനസ്സുറപ്പ.

൧ സ്വൎഗ്ഗാലയം എൻ സ്വന്തത
എൻ ആത്മം പറഞ്ഞാൽ,
എൻ ഭയം നീങ്ങിപ്പോയിതാ!
എൻ ദുഃഖം അതിനാൽ.

൨ പിശാച അഗ്നിഅസ്ത്രങ്ങൾ
പ്രയോഗിച്ചാകിലും,
ഞാൻ ശത്രുവിൻെറ തന്ത്രങ്ങൾ
അശേഷം നിന്ദിക്കും.

൩ പരീക്ഷ പീഡ മുതലായ്
എൻ നേരെ വന്നാലും,
എൻ രക്ഷകാരൻ ദൈവമായ്,
ഞാൻ തന്നാൽ ജയിക്കും.

൪ ആനന്ദ പൂൎണ്ണ കടലിൽ
ഞാൻ ചെന്നു വസിക്കും;
എൻ ശാന്തമുള്ള മനസ്സിൽ
സൽ മോക്ഷം ഇരിക്കും.

"Now I have found the ground wherein."

വിശ്വാസിയുടെ മനൊധൈൎയ്യം.

൧ വിടാതെ കണ്ടേൻ എന്റെ നങ്കൂരം;
ഉറെച്ചോരു നിലം ഇതാ!
വിരോധി സ്നേഹത്താലെ ക്രൂരം
ആം പാടുപെട്ട രക്ഷിതാ!
ലോകാരംഭത്തിൻ മുമ്പെയും
ഉള്ളീനിലം സ്ഥിരപ്പെട്ടും.

൨ എല്ലാ വിചാരത്തെ കടന്നും
ഉണ്ടൊരു നിത്യ കാരുണ്യം;
ഉഴന്ന പാപിക്കായ് തുറന്നും
കണ്ടോ, തൻ വത്സലഭുജം!
വരികിലും, വരായ്കിലും,
തമ്മിൽ തൻ ഉള്ളം അലിയും.

൩ ശിക്ഷിക്ക അല്ലവന്റെ ഇഷ്ടം;
നമുക്കു രക്ഷ നിശ്ചയം:
അതിന്നായ് പുത്രൻ എൻ അരിഷ്ടം
ഏററിട്ട് എടുത്തു താൻ ജഡം;
അതിന്നായ് പുക്ക വാനത്തിൽ;
തീ കത്തിക്കുന്നു ഭൂമിയിൽ.

൪ ഹാ, ക്രിസ്തു രക്തം! സൎവ്വ പാപം
ഒഴിച്ച സ്നേഹാഗാധമേ!
നിന്നാൽ മറെഞ്ഞു അല്ലോ ശാപം,
മുറിക്കു സൌഖ്യം വന്നതേ.
ക്ഷമിക്കിനി! ക്ഷമിക്കിനി!
എന്നുണ്ടു ആ രക്തത്തിൻ വിളി.
൫. ഈ വിളി എന്നും ഞാൻ നിനെച്ചു,
വിശ്വാസത്തോടു തേറുവേൻ;
എൻ ദോഷങ്ങൾ എന്നെ വലെച്ചു
എങ്കിൽ പിതാവെ നോക്കുവേൻ;
അവനു പുത്ര കാരണാൽ
ഉള്ളം വടിഞ്ഞു കൃപയാൽ.

---

൬൮ 8 lines 7,6. (Bradford) 68

Praise for adoption.

പുത്രസ്വീകാരത്തിന്നായി സ്തുതി.

---

൧ പിതാവേ! നിന്റെ ദാനം
സ്തുതിക്കു ന്യായം ആം,
നിന്നോടു പുത്ര സ്ഥാനം
എല്ലാൎക്കും പ്രാപിക്കാം;
ഇതിനായ് ആദ്യ ജാതൻ
മരത്തിൽ തൂങ്ങിയാൻ;
ഇറങ്ങി സൎവ്വനാഥൻ
തൻ ദാസൎക്കടിയാൻ.

൨ ആ നസറയിൻ തച്ചൻ
തൻ അബ്ബാ വിളിയാൽ
പിതാവെ ഞങ്ങൾക്ക് അച്ചൻ
ആക്കി തരികയാൽ,
പുത്രാത്മാ ഞങ്ങളുടെ
അബ്ബാ വിളിക്കുക;
കൺ നീരിനോട്ടും കൂടെ
ഹൃദി ഞരങ്ങുക.

൬൯ 7,6. 69

Privileges of believers.

വിശ്വാസികളുടെ ഭാഗ്യം.

൧ ധന്യർ ആർ? വിശ്വാസത്താൽ
നീതിപെട്ട ജാതി.
ഏറ്റം സാദ്ധ്യം അവരാൽ;
അവൎക്കില്ല ഭീതി.

൨ അവൎക്കു വേണ്ടുന്നതെ
യേശു താൻ കൊടുക്കും;
ദിക്കില്ലാത്ത നഷ്ടരെ
തന്നിൽ ഉൾപ്പെടുത്തും.

൩ സത്യാത്മാ അവൎക്കു താൻ
കാൎയ്യസ്ഥൻ എന്നേക്കും.
നീ മകൻ, നിൻ അപ്പൻ ഞാൻ,
എന്നവൻ ഉരെക്കും.

൪ പൂൎണ്ണമാകും അവരിൽ
ദൈവസമാധാനം;
ഇങ്ങേ യുദ്ധ ഭൂമിയിൽ
ഉണ്ടാശ്വാസ ദാനം.

൫ കഷ്ടത്തിൽ പ്രശംസിക്കും
ദണ്ഡിച്ചാൽ പൊറുക്കും;
സ്വന്ത ജീവൻ തൻ പേൎക്കു
ബലിയായ് കൊടുക്കും.

൬ നാളെ ഉള്ള സങ്കടം
ഇന്ന് എണ്ണാതിരിക്കും;
മോക്ഷ ഭാഗ്യം ആം ധനം
ഇങ്ങ് അനുഭവിക്കും.

൭ നിശ്ചയം അവൎക്കുടൻ
പുത്ര അവകാശം;
അനുജക്കൊന്നാം മകൻ
ധനം തരാൻ ന്യായം.

൮ ദൈവ മുമ്പിൽ മതിയോ
തോഴനേ! നിൻമുണ്ടു?
ദിവ്യ നീതി അങ്കിയോ
ചോദിക്കെന്നാൽ ഉണ്ടു.

The believer's hope.

വിശ്വാസിയുടെ ആശ.

൧ എന്റെ രക്ഷിതാവേ!
ഞാൻ നിനക്കുള്ളത;
എപ്പോഴും നിന്നെ സേവിപ്പാൻ
യോഗ്യത ഉള്ളത.

൨ നിൻ ശുദ്ധ വചനം
എന്നെ നടത്തട്ടെ:
നിൻ വില ഏറിയ രക്തം
ശുദ്ധീകരിക്കട്ടെ.

൩ എന്റെ ദുഃഖങ്ങളിൽ
എന്നെ താങ്ങേണമേ;
പരീക്ഷയുള്ള കാലത്തിൽ
വിടുവിക്കേണമേ.

൪ ദേഹവും ആത്മാവും
വേർ തിരിയപ്പെട്ടും,
സ്വർഗ്ഗത്തിങ്കൽ എന്നെന്നേക്കും
അവ ചേൎക്കപ്പെട്ടും.

൫ ഇങ്ങു നിൻ കൃപയാൽ
ഞാൻ നിന്നെ സേവിക്കും:
നിന്റെ വലിയ കരുണയാൽ
നിന്നോടു വസിക്കും.

Consecration to Christ.

ഹൃദയപ്രതിജ്ഞ.

൧ യേശു നിന്നെ താ,
എന്നെ വാങ്ങി വാ,
പാപ സൂക്ഷ്മം-പാപഭാരം
എങ്കൽ ഉള്ള ദോഷ വേരും
നീ പറിച്ചിട്ടാൽ
വന്ദിതൻ എന്നാൽ.

൨ ശുദ്ധ വെള്ളത്താൽ
കഴുകെന്റെ കാൽ,
പിൻ തളിക്ക നിന്റെ രക്തം
പുതുതാക്കാൻ അതു ശക്തം;
മനോബോധത്തും
ശാന്തം തന്നരുൾ.

൩ നീ സമീപത്തിൽ
നിലനില്ക്കയിൽ
നിന്റെ മുൻ, രാഗാദി നാശം,
മണ്ണിൽ നിന്നിഴെക്കും പാശം.
ഇന്നു ഞങ്ങളെ
ഉയൎത്തണമേ.

Preciousness of Christ.

ക്രിസ്തു വിലയേറിയവൻ.

൧ എല്ലാ ദ്രവ്യത്തിൽ വിശിഷ്ടം
തൃപ്തി തരുന്ന പ്രഭോ!
ഏവനായ് നിൻ രസം ഇഷ്ടം
വേറെ രസം തേടുമോ?
ഇങ്ങും-അങ്ങും-മേലും-കീഴും
തിരഞ്ഞാലും ആശ വീഴും,
ദൂരെ നിന്നെ കണ്ടവൻ
പേടിയെ ജയിച്ചവൻ.

൨ നിന്നെ വാങ്ങി എല്ലാം വില്ക്കും
സാധുവിന്നു ലാഭം ആയി;
ബന്ധു വിടുമ്പോൾ നീ നില്ക്കും;
കാട്ടിൽ കേൾക്കാം നിന്റെ വായ്:
നിന്റെ ആത്മാവോടു പറവും
ഹൃദയത്തെ എന്തു് അകററും?
നിന്നെ കൈ പിടിക്കയാൽ
നില നിന്നു നൊന്ത കാൽ.

൩ ഭാഗ്യ നിറവുള്ള ദൈവ!
വന്നു പാൎക്ക ഉള്ളത്തിൽ;
പുത്രൻ മൂലം എങ്കൽ മേവ,
ശുദ്ധമാക്ക നിൻ കുടിൽ:

നമ്മെ കെട്ടുക വിശ്വാസം
ചില കാലം-ചിലമാസം;
പിൻ കല്യാണ നാളിൽ നാം
നിത്യവും സന്തോഷിക്കാം.

 87,87,887. (Luther) 73

Submission to God's will.

ദൈവേഷ്ടത്തിന്നനുസരണം.

൧. തോന്നുന്ന പോലെ എന്നിൽ ചെയ്,
ചത്താലും ജീവിച്ചാലും
പ്രഭോ! ഒരം അടിയാനെ കൈ
കൊണ്ടെന്നും താങ്ങിയാലും;
ഇരിക്ക നിന്റെ കാരുണ്യം,
മററൊക്കെ എന്നിൽ സമ്മതം
നിൻ ഇഷ്ടം നടന്നാലും.
൨. വിശ്വാസ്യ ഹൃദയത്തെ താ;
നിൻ വാക്ക സ്നേഹിപ്പിക്ക,
എൻ ആഗ്രഹങ്ങളെ സദാ
നിൻ വരവിൽ തിരിക്ക,
എൻ രക്ഷെക്കുള്ളതൊക്കെയും
ദിനം പ്രതി നീ എത്തിക്കും:
അനീതി കെട്ടഴിക്ക.
൩. ഒരിക്കൽ നിന്റെ ഹിതത്താൽ
വിടേണ്ടി പോം ഒരം ലോകം;
അതോ നടക്ക പ്രീതിയാൽ

അന്നാരുതിങ്ങ്ദ ശോകം,
നിനക്കു മെയ്, ഉയിർ, തരാം,
ഏല്പിച്ചവറെറ കാക്കെല്ലാം;
നൽ അന്തം ഏകുക്, ആമേൻ.

 8 lines 7,6.

Cleaving to the Lord.

ദൈവത്തോടു ചേൎന്നു കൊൾക.

൧. എല്ലാരും നിന്നെ വിട്ടാൽ
ഞാൻ വിട്ടു മാറുമോ?
ഭൂലോകർ ചിരിച്ചിട്ടാൽ
നിന്നെ മറക്കാമോ?
ഇനിക്കായ് എത്ര ഖേദം
നിന്നിൽ സമൎപ്പിതം!
എന്നിട്ടും സ്നേഹ ഹീനം
ആകായ്ക്ക എൻ മനം.

൨. സിംഹാസനത്തിരുന്ന
ഠം ആണ്ടുകൾ എല്ലാം;
വിധിപ്പാനായ് വരുന്ന
ന്യായാധിപൻ നീ ആം.
നിൻ ഇഷ്ടമോ, ക്ഷമിക്ക.
സാത്താൻ ആദാമ്യക്കും
നിന്നെ പരിഹസിക്ക
നടപ്പായ് ഏവരും.

൩. ഇനിക്കോ, നീ സമീപം
വന്നെത്തി, സൽ പ്രഭോ!
ഉള്ളിൽ കത്തിച്ച ദീപം
സാത്താൻ കെടുക്കുമോ?
നിൻ സ്നേഹ നിത്യത്താലെ
നീ ദ്രോഹി സൈന്യത്തെ
ജയിക്കും; ആകയാലെ
ഞാനും പൊറുക്കാമേ.

൭൫ 8 lines 7,6. (Tintern) 75

Trust fully in God.

ദൈവത്തിൽ ശരണം.

൧. എൻ ആത്മാവേ! നിൻ ഭാരം,
നിൻ വഴികൾ എല്ലാം,
ത്രികാലത്തിൻ വിചാരം,
കൎത്താവിൽ ഏല്പിക്കാം.
സമുദ്രം, ഭൂ, ആകാശം
ഭരിക്കും നാഥനാൽ
നിൻ ചാവിലും പ്രകാശം
ഉദിക്കും കാലത്താൽ.

൨. പിതാവേ! നീ വിശ്വസ്തൻ,
ദയാലു, നീതിമാൻ;
പുഴുക്കളിൽ ഞാൻ അല്പൻ;
എൻ കാൎയ്യം ഏല്പിപ്പാൻ

നിൻ ബുദ്ധിയും, പ്രയാസം,
പോരാതെ വരുമോ?
നിൻ വാത്സല്യ വിലാസം
നിൻ നോട്ടം തെറ്റുമോ?

൩. സാത്താൻ വിരോധിച്ചാലും
ഉപായം യത്നിക്കും,
ജയിക്കും ദൈവ വാക്കും
മാറ്റാനെ അറുക്കും;
ദൈവേഷ്ടമേ നടക്കും
ഇഹ പരങ്ങളിൽ;
സ്വജനത്തെ കടത്തും
വിസ്മയ തേജസ്സിൽ.

൪. വലഞ്ഞു പോയ ദേഹീ!
നിവിൻ്റു വിശ്വസി;
വിശ്വസ്തനാം നിൻ സ്നേഹി
വരുത്തും സൽ ഗതി;
നിൻ പാർപ്പിടം താൻ നോക്കും,
മാറ്റും നിൻ ഖേദത്തെ;
ഇരുട്ടിനെ താൻ നീക്കും
സന്ദേഹം എന്നിയേ.

൫. വിശ്വാസം കൈവിടാതെ
സഹിക്കും കാലത്തിൽ,
നിൻ ദൈവവും പാരാതെ
രക്ഷിക്കും തക്കത്തിൽ.

ഒഴിഞ്ഞു സവ് ഭാരം,
ഒഴിഞ്ഞു ഭയവും,
സ്നേഹം തന്റെ വിചാരം
കമ്മങ്ങൾ ദയയും.

൩. വിശ്വസ്തൻ ആകയാലെ
നിൻ അംശം ശുഭം ആം;
പോരിൽ ജയിക്കും നാളെ
കിരീടം ദാനം ആം;
മറന്നു കഷ്ടപ്പാടും
കരച്ചിൽ സംകടം,
നാവാൽ നീ സ്തോത്രം പാടും
കത്താവെ സന്തതം.

൪. കത്താവേ! നീ ചുരുക്കും
ഒരം കഷ്ട നാളുകൾ;
വിശ്വാസത്താൽ പുതുക്കും
പോരിനു ആളുകൾ.
വിശ്വസ്തൻ ആം കടാക്ഷി!
നീ നമ്മെ നോക്കുകിൽ
സഞ്ചാരത്തിൻ സമാപ്തി
ആകും നിൻ അരികിൽ.

The Christian armour. Eph. 6: 10- 20.

ദിവ്യ സൎവ്വായുധവൎഗ്ഗം. എഫെ. ൬: ൧൦, ൨൦.

൧. നീ യേശുവിന്റ സേവകൻ.
ആയി തീരാൻ ഇച്ശിക്കിൽ,
നിന്നെ വിളിച്ച നായകൻ
ചൊൽ കേട്ടമൎന്നു നിൽ.
കണ്ടോ ചുവന്നതാം കൊടി
ജയത്തിന്റെ കുറി!
പറ മുഴങ്ങി പോയ് അഹോ!
പടെക്കൊരുങ്ങിയോ?

൨. സ്വൎഗ്ഗസ്ഥനെ നാം സേവിച്ചാൽ
നല്ലായുധം തരും.
അരെക്കു കെട്ടു സത്യത്താൽ,
കവചം നീതിയും,
ചെരിപ്പായ് സുവിശേഷത്തിൻ
മുതിൎച്ച കൈക്കൊൾവിൻ:
കെടുക്കും അഗ്നി അസ്ത്രങ്ങൾ
വിശ്വാസ ഖേടയും.

൩. ശിരത്തിൽ തൊപ്പി രക്ഷതാൻ,
ത്രുച്ചൊൽ ആത്മാവിൻ വാൾ,
തുണെകളെ വരുത്തും താൻ
പടതിമിൎക്കും നാൾ;

കണ്ടോ, നീ വെള്ളി കാഹളം
പ്രാൎത്ഥിക്കുന്നാരവം!
ഇതൊക്കെയും പ്രയോഗിപ്പോൻ
ജയിക്കും നിശ്ചയം.
൪. ആർ ധൎമ്മ്യമായ് പോരാടുകിൽ
കിരീടം അണിവോർ;
ആനന്ദം എന്തു് ആ നേരത്തിൽ!
പിമ്പില്ല അങ്കപ്പോർ;
അന്നാവശ്യം പിൻ ആയുധം,
തികെഞ്ഞതല്ലോ ജയം!
അതോ, നമുക്കു യേശു താൻ
അശേഷം പൂരിച്ചാൻ.

---

൭൭ L. M. (Honiton) 77

The Christian, a Pilgrim.

ക്രിസ്ത്യാനി ഒരു സഞ്ചാരി.

---

൧. മഹോന്നതത്തിൽ യേശുവേ!
എൻ വഴിയാത്ര നോക്കുകേ.
ഞാൻ പാരിൽ പരദേശിയാം,
ചുമട്ടു പാപ ഭാരം ആം.
൨. ഠരം ദേശത്തിങ്കൽ കാരിരുൾ;
എൻ ജന്മ ഭൂമി സ്വൎഗ്ഗത്തുൾ;
അങ്ങോട്ടെന്നെ കടത്തുവാൻ
നിന്നെക്കാൾ ആർ സമൎത്ഥവാൻ?

൩. പുൾ, കൂട്ടിൽ; കുഴിയിൽ നരി;
എന്നെ രക്ഷിപ്പാൻ ഭൂപതി
ഇറങ്ങി, സ്ഥാനം, വീടു, പായ്
ഇല്ലാത്ത പരദേശി ആയ്.

൪. ഇതിനാൽ എന്നുടെ മനം
നിനക്ക് അശേഷം അറിയാം,
കണ്ണീർ, കരച്ചിൽ, ആലസ്യം,
ഇവററിലും പരിചയം.

൫. ഹേ, തോഴർ! ബദ്ധപ്പെടുവിൻ;
കനാനിൽ നാം കടന്ന പിൻ,
എല്ലാൎക്കും മുൻ നടന്ന ആൾ
ഒരുക്കും മാസന്തോഷനാൾ.

൭൮ 55,88,55. 78

Journey to Heaven.

സ്വൎഗ്ഗീയ സഞ്ചാരം.

൧. ജീവ മാൎഗ്ഗത്തിൽ,
യേശു, കൂട്ടരിൽ
മുൻ നടന്നാൽ, മടിയാതെ
ഞങ്ങൾ നിന്നെ കൈവിടാതെ
സ്വൎഗ്ഗത്തോളവും
പിന്നെ തുടരും.

൨. സൎപ്പം ചീറുമ്പോൾ,
എന്നെ കാത്തുകൊൾ;
യാത്രാ യുദ്ധ കഷ്ടത്താലും
നഷ്ടം ഇല്ല, നീ നിന്നാലും;
എന്നാൽ സംകടം
ഞാൻ മറന്നിടും.

൩. ഓരോ ദുഃഖത്താൽ
ഞങ്ങൾ ആടിയാൽ,
അന്യക്കല്ലിൽ ഏറിയാലും;
വേണ്ടും ക്ഷാന്തിയെ തന്നാലും;
നിത്യം ഞങ്ങളെ
അന്തം ഓപ്പിക്കേ.

൪. എന്റെ നടയെ
ക്രമമാക്കുകേ.
നിന്നാൽ ആറി യാത്രാഭാരം;
നീ തുറക്കും സ്വൎഗ്ഗദ്വാരം,
നിൻ സിംഹാസനം
ഞാൻ കരേറണം.

ലൂൻ

"Why these fears? behold it's Jesus."

ജീവയാത്രയിൽ, യേശുവിൻ ശരണം.

൧. ഭയം വേണ്ടഹോ, കൎത്താവു
കപ്പൽ താൻ നടത്തുന്നോൻ;
വൻ സമുദ്രത്തിൻ സ്രഷ്ടാവു
ആഴത്തിൽ കടത്തുവോൻ!
നല്ലതീരം
കാണിക്കും എൻ ജീവകോൻ.

൨. പൂകുവാൻ ആശിക്കും നാട്ടു
ശ്രുതിയാൽ അറിയുന്നോൻ,
ശ്രുതി ബലത്താൽ ഠരം കാട്ടു
കേവലം വെറുക്കുന്നോൻ;
യേശുവോടെ
കടലൂടെ ചെല്ലുവേൻ.

൩. കടൽ കോപം, കോളും, കാററും
കണ്ടാൽ പേടിക്കരുതേ!
എൻെറ ചൊൽ ഇതെല്ലാം മാററും,
ഞാൻ ഇതാ, നിൻ അരികെ!
എൻെറ മുമ്പിൽ
കുന്നും കോളും താണുതേ!

൪. അങ്ങേകരയിൻ സന്തോഷം
ഇങ്ങു ചൊല്ലുവാൻ പാടുണ്ടോ?
ദുഃഖിപ്പിച്ച ലോക രോഷം
ശുദ്ധ സ്വസ്ഥം നിക്കുമോ?
ഹല്ലെല്ലൂയാ!
യേശു വാഴും എൻ പ്രഭോ!

൮൦ 6 Lines 7s (Spanish Chant) 80.

The happiness of the children of God.

ദൈവ പുത്രന്മാർ ഭാഗ്യവാന്മാർ.

൧. ദൈവത്തിൻെറ പുത്രന്മാർ
ഏററം ഭാഗ്യം ഉള്ളവർ,
ക്രിസ്തു വിലെക്കു കൊണ്ടു,
ഇവരെ വീണ്ടെടുത്തു;
ഇവരോടു കൂടെ നാം
രക്ഷപ്പെട്ടെന്നാൽ കൊള്ളാം.
൨. നീതികരിക്കപ്പെട്ടു,
സമാധാനം ഇവൎക്കു,
ദൈവം ദോഷം കളയും,
ആരു കുററം വിധിക്കും?
ഇവരോടു കൂടെ നാം
രക്ഷപ്പെട്ടെന്നാൽ കൊള്ളാം.

൩. ഇവർ ഫലം തരുന്നു,
നടപ്പുകൾ നല്ലതു,
ഇവർ വീണ്ടും ജനിച്ചു;
പാപത്തെ വെറുക്കുന്നു;
ഇവരോടു കൂടെ നാം
രക്ഷപ്പെട്ടെന്നാൽ കൊള്ളാം.
൪. ദൈവ അവകാശികൾ
ഇവർ ഭാഗ്യം ഉള്ളവർ,
സ്നേഹം കൊണ്ടു നിറെഞ്ഞു,
സമാധാനം ഇവൎക്കു;
ഇവരോടു കൂടെ നാം
രക്ഷപ്പെട്ടെന്നാൽ കൊള്ളാം.

൮൧ C. M. 81

"When all thy mercies, O my God!"

ദൈവ പരിപാലനം.

൧. നിൻ കരുണകൾ കൎത്താവേ!
വളരെ ആകുന്നു.
ഇവയെ ഓൎത്തു സദാ ഞാൻ
ആശ്ചൎയ്യപ്പെടുന്നു.

൨. ഞാൻ ശിശുവായിരുന്നപ്പോൾ
എന്നെ നീ പാലിച്ചു;
എൻ യൌവനത്തിൽ നീ തന്നെ
ഏററം സഹായിച്ചു.
൩. ഞാൻ രോഗി ആയി കിടന്നു,
ആശ്വാസം നീ തന്നു.
പാപ ദുഃഖത്തിൽ നിന്നു നീ
എന്നെ വിടുവിച്ചു.
൪. ൦രം ആയുസ്സുള്ള നാൾ ഒക്കെ
നിന്നെ ഞാൻ പുകഴ്ത്തും.
മേൽ ലോകത്തിൽ കൎത്താവേ ഞാൻ
ഏററവും സ്തുതിക്കും.
൫. നിനക്കു സ്തുതി ദൈവമേ!
എന്നേക്കും ഞാൻ പാടും:
നിന്നെ സ്തുതിപ്പാൻ നിത്യത്വം
പൊരാത്തതായീടും.

പ്വറ 7 s. (Ratisbon) 82

Fear not.

യേശുവിൽ ആശ്രയിക്ക.

൧. ഭയം വേണ്ടാ, ശിഷ്യനേ
സ്വൎഗ്ഗത്തേക്കു വഴിയെ
ദുൎഗ്ഗമം ആയ് കാണ്കിലും,
യേശു മാൎഗ്ഗം കാണിക്കും.

൯൩

൨. ഭയം വേണ്ടാ, ശിഷ്യനേ!
വൈരി പോരിന്ന് ഓങ്ങുകേ,
ധൈൎയ്യം ഏകും ആയുധം
നൽ വിശ്വാസ ഖേടകം.
൩. ഭയം വേണ്ടാ, ശിഷ്യനേ!
ദുർ ഹൃദയം ഉണ്ടല്ലേ?
സൎപ്പത്തെ ചതെക്കുവാൻ
യേശു ക്രൂശിൽ തൂങ്ങിയാൻ.
൪. ഭയം വേണ്ടാ, ശിഷ്യനേ!
അപ്പൻ നിന്നെ ശിക്ഷിച്ചേ,
തന്റെ ശുദ്ധി, ക്ഷമയും,
നിന്റെ അംശമായ് വരും.
൫. ഭയം വേണ്ടാ, ശിഷ്യനേ!
രക്ഷനാഥം അണഞ്ഞുതേ;
ശത്രു സൈന്യം അഴിയും,
നിത്യം നീ സന്തോഷിക്കും.

വൃ൩ 87,87,44,77. (Newport) 83

God's will is best.

ദൈവഹിതം ഉത്തമം.

---

൧. യഹോവാ കൎമ്മം സുകൃതം,
ശുഭം തുലോം തൻ ഇഷ്ടം;
എൻ കാൎയ്യത്തെ അവൻ ക്രമം
ആക്കുന്ന വഴി ശിഷ്ടം.

എൻ ദൈവം താൻ
വിശുദ്ധിമാൻ;
നിർസംശയം തൻ വാക്കും!
വിപത്തിൽ എന്നെ കാക്കും.

൨. യഹോവ കൎമ്മം സുകൃതം,
മതി തൻ അഭിപ്രായം;
അനാദികാല നിൎണ്ണയം
ഇനിക്കും ഇന്നു ന്യായം,
ഉറങ്ങില്ലും
താൻ ഉണരും,
ഗൎവ്വിച്ചു കോളും കാററും
എല്ലാം അടക്കി മാററും.

൩. യഹോവാ കൎമ്മം സുകൃതം,
എൻ കൎമ്മം ഒക്കെ നഷ്ടം.
മകനു തക്ക ശാസനം,
ഇനിക്കോ മാത്രം കഷ്ടം.
അതരുതേ,
എൻ അപ്പനേ!
അഭ്യാസം തീൎന്ന പിന്നിൽ
ഞാൻ ആശ്വസിക്കും നിന്നിൽ.

Suffering with Jesus. 2 Tim. 2; 12.

യേശുവോടു കഷ്ടം സഹിക്ക. ൨ തിമൊ. ൨; ൧൨

൧. തൻ ക്രൂശെ യേശു ഏല്ക്കുവാൻ
യറുശലേമിൽ കേറിയാൻ,
തൻ രക്തം ഒഴുകും സ്ഥലം
മാശക്തൻ ആയ ആരോഹണം.

൨. യറുശലേമിലേക്കും നാം
ഓർ ക്രൂശെടുപ്പാൻ കേറിപ്പോം!
ജഡത്തിനുഗ്രം എങ്കിലും
നടത്തും സ്വസ്ഥതാം തരും.

൩. കരച്ചിൽ, അല്ലൽ, വ്യാധികൾ,
ചതച്ച കാൽ മടമ്പുകൾ,
മരത്തിൽ തൂങ്ങി ചത്തതും
പരത്തിൽ നാം മറന്നീടും.

൪. ഭയം വിലക്കി കേറി നാം
ജയം നിനെച്ചു ഘോഷിക്കാം;
വിശ്വാസത്താൽ പോരാടിയോർ
ആശ്വാസം കണ്ടു വാഴുവോർ.

Now is the day of salvation. 2 Cor. 6; 2.

ഇതു രക്ഷാ ദിവസം. ൨ കോറി. ൬: ൨.

൧. നാളെ ആകുന്ന നാൾ
കൎത്താവേ! നിന്റെയും,
നിൻ ഇഷ്ടം പോലെ സൂൎയ്യൻ താൻ
നാളെ പ്രകാശിക്കും.

൨ ഈ ആയുസ്സുള്ള നാൾ
കഴിഞ്ഞു പോകുന്നു.
നിത്യതെക്കു വേഗം ഞങ്ങൾ
ദിനം അടുക്കുന്നു.

൩. ഹാ ഇപ്പോഴും തന്നെ
ഞങ്ങൾക്കു കൎത്താവേ!
സൽ ബുദ്ധിയോടെ ഇരിപ്പാൻ
സഹായിക്കേണമേ.

൪. ഈ രക്ഷാകാലത്തെ
വൃഥാ കളയാതെ,
നിൻ ആത്മ കൃപ ലഭിപ്പാൻ
ബലം തരേണമേ.

൮൬ C. M. 86

Brevity of life.

ഈ ആയുസ്സിന്റെ ചുരുക്കം.

൧. കാലം വേഗത്തിൽ കഴിയും,
നാം മരിക്കുന്നവർ;

ഇതിന്നെ വിചാരിപ്പാനും
    മനുഷ്യർ മടിയർ.

൨. നീപ്പോളൂ സ്വപ്നവും പോലെ
    ൦ര൦ ജീവൻ ആകുന്നു;
ഒരു ക്ഷണത്തിൽ ലോകത്തെ
    നാം വിട്ടു പോകുന്നു.

൩. കൎത്താവേ! എൻ മരണത്തെ
    ഓൎക്കേണ്ടുന്നതിന്നു
എപ്പോഴും നിന്റെ കൃപയാൽ
    നീ ഉണൎത്തേണമെ!

൪. യേശുവേ! നിന്റെ രക്തത്തിൽ
    ഞാൻ ആശപ്പെടുന്നു:
അതിനാൽ മോക്ഷത്തിലേക്കു
    പാപികൾ വരുന്നു.

൫. എന്നെ സ്വൎഗ്ഗത്തിനായിട്ടു
    നീ ഒരുക്കേണമേ!
പിന്നെ നിൻ മനസ്സു കൊണ്ടു
    മരണം വരട്ടേ.

൮൭ L. M. 87

Longing for heaven.

പരലോക ചിന്ത.

൧. ൦ര൦ ലോകം ഞാൻ ഉപേക്ഷിച്ചു,
കൎത്താവേ! നീ താൻ എന്റേതു.

നിൻ ദിവ്യ മുഖം ഞാൻ കാണും;
നിൻ നീതിയെ ഞാൻ ധരിക്കും.

൨. ഈ ലോകം മായ ആകുന്നു,
ലോകം ഒഴിഞ്ഞു പോകുന്നു;
മേൽ ലോകം ഭാഗ്യം ഉള്ളതു,
അതു എന്നേക്കും ഉള്ളതു.

൩. ഹാ! ഭാഗ്യം ഉള്ള സ്ഥലവും,
ഞാൻ നിന്നിലേ സന്തോഷിക്കും;
ഞാൻ മരിച്ചിട്ടു ഉയിൎക്കും
രക്ഷകൻ എന്നെ കൈക്കൊള്ളും.

൪. ശുദ്ധം ഉള്ള ദൈവത്തെയും
എൻ ജഡത്തോടെ ഞാൻ കാണും.
പ്രസാദിക്ക, പ്രസാദിക്ക,
എൻ ആത്മാവേ! പ്രസാദിക്ക.

൮൮ C. M. 88

Eternal happiness.

മോക്ഷ ഭാഗ്യ ചിന്ത.

൧. കൎത്താവേ! ഞാൻ മരിക്കുമ്പോൾ
നീ എന്നെ നോക്കുകേ.
നൽ ശാന്തം നെഞ്ചിൽ തന്നപ്പോൾ
കിടത്തി കൊള്ളുകേ.

൨. നിൻ രാജ്യത്തിൽ പ്രവേശിച്ചു
അങ്ങെന്നും വാഴും ഞാൻ,
ആ ഭാഗ്യം ഉള്ളു ദേശത്തിൽ
നിൻ സേവ ചെയ്യും ഞാൻ.

൩. അങ്ങെന്നും നിൻ മുഖത്തെ ഞാൻ
കണ്ടീടും സ്പഷ്ടമായ്
നിൻ ദൂതരോടു കൂടി ഞാൻ
നൽ ഗീതം പാടുമേ.

൪. അപ്പോൾ എൻ പേടി ദുഃഖവും
അശേഷം നീക്കും നീ;
എൻ കണ്ണുനീരു സർവ്വവും
തുവത്തും താതൻ നീ.

൫. അപ്പോൾ നിൻ കാരുണ്യത്തിനാൽ
മഹാ സന്തോഷമേ;
നിൻ ഭക്തർ ആയവൎക്കു മേൽ
ഉണ്ടാകും സ്വസ്ഥമേ.

൬. നിൻ ദാനങ്ങൾ നിമിത്തമേ
നിൻ കീൎത്തി ചൊല്ലുന്നേൻ.
വിശേഷ ദാനം കൊണ്ടു മേൽ
നിൻ നാമം വാഴ്ത്തുവേൻ.

"Jerusalem, my happy home."

പരമവാഞ്ഛയോടുള്ള വാഞ്ഛ.

൧. യെറുശലേം, ഹാ! ഇൻപമായ്
എൻ വാസസ്ഥലം ആം;
ഠരം കഷ്ടം വിട്ടു നിന്നിൽ ഞാൻ
എപ്പോൾ സന്തോഷിക്കാം?

൨. നിൻ ദിവ്യ വാതിൽ മതിലും,
നിൻ സ്വൎണ്ണ വീഥിയും,
നിൻ രക്ഷയുള്ള കൊത്തളും;
ഹാ! എപ്പോൾ ഞാൻ കാണും?

൩. വിശുദ്ധന്മാരും അവിടെ
എന്നേക്കും പാടുന്നു;
നിൻ മണ്ഡപത്തിൽ എത്തുവാൻ
ഞാൻ ആശപ്പെടുന്നു.

൪. അപ്പോസ്തലരും, ശേഷം പേർ
കൂട്ടത്തിൽ കൂടുന്നു,
എല്ലാവരാലും രക്ഷകൻ
മഹത്വപ്പെടുന്നു.

൫. യെറുശലേം ഹാ! ഇൻപമായ്
എൻ വാസസ്ഥലവും;
നിൻ പട്ടണത്തെ കണ്ടു ഞാൻ
എന്നു സന്തോഷിക്കും?

The day of Judgment.

ന്യായവിസ്താര ദിവസം.

൧. നല്ലോൎക്കും ദുഷ്ടൎക്കും വിധി
കല്പിപ്പതിന്നിറങ്ങും
തേജസ്സിൽ രക്ഷിതാ ഭുവി;
അന്നേവരും വണങ്ങും:
അപ്പോൾ ചിരിയും ദുൎല്ലഭം,
എല്ലാററിന്നുണ്ടു ദഹനം,
എന്നരുളുന്നു വേദം.

൨. ഭൂവററത്തോളം കാഹളം
ഭയങ്കരത്തിൽ ഊതും,
ചത്തോർ ഉയിൎക്കും ആ ദിനം.
കേട്ടിട്ട് ആ വിളി ദൂതും;
അന്നാളിൽ ശേഷിക്കും ജനം.
രൂപാന്തരപ്പെടും ക്ഷണം:
സഭെക്കിതേ സമാപ്തി.

൩. മനുഷ്യർ ഒക്കെ ഭൂമിയിൽ
നടന്ന ക്രിയകൾക്കു
ന്യായാധിപൻ പുസ്തകത്തിൽ
കണ്ടോളമെ പിണെക്കും;
താൻ ചെയ്തതും ചിന്തിച്ചതും.
അറിഞ്ഞുടൻ എല്ലാവരും
ശരി എന്നോൎത്തടങ്ങും.

൭. യഹോവാ ചൊൽ ലംഘിച്ചവർ
എപ്പേൎക്കും അയ്യോ, കഷ്ടം!
ഭുവി അദ്ധ്വാനം ചെയ്യുവർ
ചേൎത്തുള്ളതന്നു നഷ്ടം!
ചെറിയ കൂട്ടത്തിൽ ദയ
കാട്ടാത്തവരും അഞ്ചുക;
നിത്യാഗ്നിയെ പൂകേണ്ടു!

൮. ഹാ, യേശുവേ! എൻ നാമത്തെ
നിൻ മറിവു നിമിത്തം
വരെക്കെ ജീവ പുസ്തകേ,
പൂരിക്കെന്നിൽ നിൻ ചിത്തം;
വിശ്വസ്തരെ നീ കൈവിടാ,
ഭയങ്ങൾ നീങ്ങുവാൻ സദാ
ഫലിക്ക നിൻ അപേക്ഷ.

൯൧ L. M. 91

Morning Hymn.

ഉഷസ്സിലെ കീൎത്തനം.

൧. ആദിത്യനോടെൻ നെഞ്ചുണൎ
മടികൾ പോക്കി, തള്ളിടർ;
ഉഷസ്സിൽ സ്തുതി ഒപ്പിപ്പാൻ
വിളിച്ചു നിന്നെ തമ്പുരാൻ.

൨. സുഖിച്ചുറങ്ങും സമയം
പാലിച്ചവനു വന്ദനം;
ഞാൻ ഉയിൎത്തെഴുനീല്ക്കുമ്പോൾ
നിൻ കൃപത്തോടുണൎത്തിക്കോൾ.

൩. പ്രഭാത മഞ്ഞിനൊത്തിഹ
എൻപാപം നീക്കിക്കളക:
മനസ്സിൽ ആത്മ തോന്നൽകാ,
നിന്നെ അകം നിറെച്ചു താ.

൪. ഞാൻ ചൊല്ലി ചെയ്യുന്നതൊക്കെയും
വരുത്തിയും നടത്തിയും,
ഇന്നോരോരോ വ്യാപാരത്തുൾ
നിൻ തേജസ്സെ വളൎത്തുക.

൫. എല്ലാ അനുഗ്രഹങ്ങളിൻ
അനാദി മൂലം വാഴ്ത്തുവിൻ!
കീഴും; മേലും, സൃഷ്ടി വാഴ്ത്തുകേ,
പിതാ, സുതൻ, ആത്മാവിനെ.

൯൨ L. M. 92

Evening Hymn.

സന്ധ്യാ കീൎത്തനം.

൧. വെളിച്ചമായ യേശുവേ!
ഇരുട്ടു നീ ജയിച്ചതേ;
ഠരം ഭൂവിൽ അരുണോദയം
സാക്ഷാൽ നിൻ വാക്യത്തിൻ ജയം.

൨. കർത്താവേ, ഉറ്റ സ്നേഹിതാ!
ഈ രാവിൽ കാവൽ നിന്നവാ,
നീ നില്ക്കെ, ഞങ്ങൾ ഇങ്ങെല്ലാം
ഭയം കേടുകൾ കളയാം.

൩. ഈ കൂട്ടം നിന്റെതല്ലയോ;
നീ സമ്പാദിച്ചവർ വിഭോ!
ഞെളിഞ്ഞു വൈരി മുട്ടുമ്പോൾ
വിളിക്കും മുമ്പേ കാത്തുകൊൾ.

൪. കടുക്കെന്ന് ഓടി, ആറ്റെക്കാൾ
കടക്കുന്ന് എന്റെ വാഴും നാൾ;
ഇരുൾ അതൊഴുകും കടൽ,
ഒരുത്തൻ നീ അതിൻ പകൽ.

൫. ആ രാത്രി ഞാൻ പ്രവേശിച്ചാൽ
വരാത്തതെ നീ ദയയാൽ
വരുത്തീട്ടാവൂ, എമ്പുരാൻ
പെരുക്കന്നെക്കെ കൊടുപ്പാൻ.

Evening Hymn.

സന്ധ്യാ കീൎത്തനം.

൧. കരുണയുള്ള യേശുവേ!
കഴിഞ്ഞ നാളിൽ നീ എന്നെ
സൂക്ഷിച്ചു, അതിനായിട്ടു
ഞാൻ നിൻ കൃപ സ്തുതിക്കുന്നു.

൨. രാവിൽ തിന്മകളിൽ നിന്നും
പേയിൻ തന്ത്രങ്ങളിൽനിന്നും
എൻ ഹൃദയത്തെ പാലിച്ചു
നിന്നോടു നീ ചേൎക്കേണമേ.

൩. ഈ രാത്രിയിൽ നിൻ ദൂതന്മാർ
പ്രധാന ശത്രുവിൽ നിന്നു
കാത്തു എൻ മെത്ത ചുററുമേ
ഇരിപ്പാൻ കല്പിക്കേണമേ.

൪. അപ്പോൾ എല്ലാ ഭയം നീങ്ങും,
ഞാൻ സുഖത്തോടെ ഉറങ്ങും;
ത്രിയേകനായനിനക്കു
ഞാൻ സ്തോത്രവും ചെയ്യും.

Marriage.

വിവാഹം.

൧. കൃപയുള്ള ത്രിയേകനേ!
ഇപ്പോൾ നീ വരേണമേ.
നിൻ കൃപയാൽ ഇവരെ
അൻപോടു നോക്കേണമേ.
ഇക്കൂട്ടരെ
നീ കടാക്ഷിക്കേണമേ.

൨. ആദിമുതൽ വിവാഹത്തെ
നിയമിച്ചു കർത്താവേ!
സൽ ഭക്തി, ശാന്തം, സ്നേഹത്തെ
ഠരം പുരുഷനും സ്ത്രീക്കും
നീ കൊടുത്തു
ഇവരെ യോജിപ്പിക്ക.

൩. സന്തോഷ വാഴ്വു കാലത്തിൽ
ദൈവത്തെ ഭയപ്പെട്ടു,
സന്താപ താഴ്വു കാലത്തിൽ
ഭക്തിയിൽ സ്ഥിരപ്പെട്ടു,
ജീവനാന്തം
കാത്തു, ചേൎക്ക സ്വൎഗ്ഗത്തിൽ.

The new year.

വത്സരാരംഭ കീൎത്തനം.

൧ ഈ പിറന്ന വൎഷത്തിൽ
ആദി അന്തം യേശു മാത്രം;
നാം തൻ പേരിൽ നില്ക്കുകിൽ
നിത്യം തൻ കൃപെക്കു പാത്രം:
യേശു പേർ നിരന്തരം
കോടി ആയ് ഇരിക്കണം.

൨. യേശു നാമം വാക്യവും
ഘോഷിച്ച് അറിയിച്ചീടേണം;
തന്റെ സഭ ഒക്കെയും
ഐക്യം ഉള്ളതാക വേണം;
എല്ലാ ഹൃദയങ്ങളും
തന്റെ നാമം അറിയും.

൩. ആട്ടിൻ കൂട്ടം ഏകവും
ഏകമേയ്പാൻ ആയും കാണും;
അന്നു ഭൂ സന്തോഷിക്കും;
അവിശ്വാസി തോറ്റു നാണും;
ചെറുകൂട്ടം! ആശ്വസി;
നില്പു യേശുവിൻ മൊഴി.

൪. അതിനാലും സഹിക്കാം
യാത്രയിൽ എടുത്ത ഭാരം;
സൎവ്വവും സഹിക്കും നാം-
സൎവത്തിന്ന് ൦രം നാമം സാരം;
യേശുവിന്റെ വാത്സല്യം
ആശാ പൂൎത്തി കാരണം.

൯൬. L. M. 96

The new year.

വത്സരാരംഭ സ്തുതി.

൧. ഒരാണ്ടു കൂടെ കഴിഞ്ഞു,
എന്നാലൊ ഞങ്ങൾ ഇവിടെ
യഹോവായോടു പ്രാൎത്ഥിച്ചു
ഘോഷിക്കും തന്റെ സ്തുതിയെ.
൨. ഗുണങ്ങൾ ഏറെ നമുക്കു
തൃക്കൈയിൽനിന്നു ലഭിച്ചു;
ശരീരസൌഖ്യം ബലവും
ധാരാളം കൊയ്ത്തു ധാന്യവും.
൩. തൽകാലമായ് നൽ മഴയും,
ഫലിപ്പിക്കുന്ന ഉഷ്ണവും,
തണുപ്പിക്കുന്ന മഞ്ഞത്തും
കൈക്കൊണ്ടു നാം തൻ കൃപയാൽ.

൫. ഇവററിന്ന സൽപാട്ടുകൾ
ആകാശം വരെ കേറട്ടെ;
സ്വൎഗ്ഗത്തിൽ ഗീത കൂട്ടക്കാർ
ഭൂതലെ നന്ദികേൾക്കട്ടെ.

൬ ലോകം സ്നേഹിച്ച പ്രീതിക്കും.
കാൎയ്യസ്ഥൻ മൂലം രക്ഷെക്കും,
ശുദ്ധാത്മാവാൽ വരങ്ങൾക്കും
ത്രിയേകനു ഹല്ലേല്യയാ.

൯൭. L. M. 97

Opening a new Church.

ദൈവാലയ പ്രതിഷ്ഠ.

൧. ഈ ആലയത്തെ കൎത്താവേ!
ആശയാൽ ഞങ്ങൾ പണിതു;
കൃപയാൽ ഇപ്പോൾ ഇതിനെ
ദൎശിപ്പാൻ അപേക്ഷിക്കുന്നു.

൨. നിൻ ദാസൎക്കു ഈ ആലയം
സന്തോഷമാം മനോഹരം,
പാരിൽ പാപികൾക്കാശ്രയം
പാപ മോചന ആസനം.

൩. ഇവിടെ നിൻ ദാസർ നിന്നു
സുവിശേഷിക്കും, യേശുവേ!
അപ്പോൾ നിൻ ദയയിൽനിന്നു
അനുഗ്രഹിക്ക രക്ഷയെ.

൪. നിൻ കൃപാസനം ഇതിലെ
സ്ഥാപിതമാകും നേരത്തിൽ
സൽഗുണം നിൻ ദാസരിലെ
വൎദ്ധിക്കും തങ്ങൾ ഉള്ളത്തിൽ.

൫. പിതാവു പുത്ര ആത്മാവേ!
ഇതിൽ നീ വസിക്കേണമേ.
ഇവിടെ വന്ദിക്കുന്നോരെ
നീ ആശീൎവ്വദിക്കേണമേ.

൯൮ 6 lines 8s. 98

Psalm CXLV.

സങ്കീൎത്തനം ൧൪൫.

൧. ംരം നമ്മെ എത്ര സ്നേഹിച്ചോൻ
വാത്സല്യ ഹൃദയൻ സ്ഫുടം,
അവൻ മഹത്വമുള്ള കോൻ
ആവോളം ഏറും കാരുണ്യം,
ശത്രുക്കളിൽ കനിഞ്ഞവൻ
തികെഞ്ഞ നന്മ ആയവൻ.

൨. അതിനാൽ നിൻ പ്രവൃത്തികൾ
അശേഷം നിന്നെ പുകഴ്ം,
വിശേഷാൽ രാജ്യ പ്രജകൾ
നിൻ നീതി ദീഘ ശാന്തവും.
ഉയത്തി, തൻ തലവനെ
സദാ സ്തുതിച്ചീടേണമേ.

൩. മാറാത്ത നിത്യ രാജത്വം
വിടാതെ പോറുന്ന പ്രഭ
തൻ ആശ്രിതക്കുള്ളീ സുഖം:
"നാം തേറിയേ നലം വരു;
"പോക്കുണ്ടെല്ലാ പരീക്ഷയിൽ;
"ഉയച്ച കിട്ടും താഴകിൽ".

൪. കത്താവേ! കണ്ണുകൾ എല്ലാം
ആശിച്ചു നിങ്കലേക്കിതാ!
എല്ലാവക്കും നീ പോററിയാം;
ആത്മാവിൻ മക്കൾക്കോപിതാ;
നീ കൈ തുറന്നു സവ്വവും
കരുണയാലെ പൂരിക്കും.

൫. നിൻ കൂട്ടക്കാരെ നീ സദാ
രക്ഷിച്ചുയിപ്പിക്കുന്നല്ലോ.
ആക്കോ നിന്നിൽ മനം വരാ

അവൻ നശിച്ചു പോം അഹോ!
നിന്നെ എത്തുയിർകളും ആയ്
സദാ പുകഴ്ത്തുകെന്റെ വായ!

൯൯ 87,87,887. 99

Isaiah. XLIII.

യശായ. ൪൩.

൧. എൻ നാമത്തെ പ്രശംസിപ്പാൻ
ഒരുക്കീട്ടുള്ള ജാതി!
നിന്നെ സൃഷ്ടിച്ച നാഥൻ ഞാൻ,
ഇനിക്കെ സർവ്വ ഖ്യാതി.
നിൻ പേരെ ഞാൻ വിളിച്ചവൻ,
ഭയത്തിൽനിന്നു വീണ്ടവൻ;
ഞാൻ തന്നെ നിൻ ചങ്ങാതി.

൨. ഒഴുക്കിങ്കൽ മുങ്ങാതെ നീ
കടക്കും വെള്ളത്തൂടെ,
നിന്നെ കൊളുത്തുകില്ല തീ,
കടക്കിൽ കാണാ ചൂടെ;
നിൻ മോചനത്തിന്നായ് തരാം
വേണ്ടുന്ന ദ്രവ്യങ്ങൾ എല്ലാം,
മഹാ കുലങ്ങൾ കൂടെ.

൧൨൩

൩. നിൻ പാപമേ വിചാരിച്ചാൽ
മികെച്ച നിൻെറ ദാനം,
ഇനിക്കു നിൻെറ ദ്രോഹത്താൽ
പെരുത്തു വന്നധ്യാനം.
ഞാൻ എൻ നിമിത്തം നിൻ പിഴ
ക്ഷമിച്ചു പാപം നിനയാ
നിൻ നീതി എൻ സമ്മാനം.

൧൦൦ C. M. **100**

Ananias and Sapphira.

അനനിയസും സഫീറായും.

൧. സത്യം വേണം എല്ലാ നാളും,
ഭോഷ്ക്കു പറയേണ്ടാ,
ദൈവ കോപം അതിനാലെ
ആരും വരുത്തേണ്ടാ.
൨. പണ്ടു രണ്ടു ചതിക്കാര
പുരുഷനും സ്ത്രീയും,
ധൎമ്മഭാവത്തോടു തന്നെ
ചെയ്തു ന്യായക്കേടു.
൩. നിലം വിററു വില വാങ്ങി
പാതി കൊണ്ടുവന്നു,
ഇത്ര മാത്രം കിട്ടി എന്നു
പറകയും ചെയ്തു.

൭. ദൈവ ശിക്ഷ ഉടൻ വന്നു
കള്ളം ചൊന്ന ഹേതു,
രണ്ടുപേരും അന്നു വീണു
മരിക്കയും ചെയ്തു.

൮ ദോഷ്ക്കു പേടിക്കാത്ത മൎത്ത്യർ
നരകത്തിൽ പോകും,
ദുഷ്ടാത്മാക്കളോടുനിത്യം
അങ്ങു തീയിൽ വേകും!

൧൦൧ C. M. 101

Exhortation to Children.

ശിശു ഉപദേശം.

൧. ഞാൻ ദോഷം ചെയ്യും നേരത്തിൽ
സ്വൎഗ്ഗസ്ഥൻ കാണുമോ?
അതേ, കുഞ്ഞേ! രാ പകലിൽ
താൻ കാണുന്നുണ്ടല്ലോ.

൨. സ്വൎഗ്ഗത്തിൽ പാൎക്കും ദൈവം താൻ
എന്നോടു ഗുണനോ?
അതേ, കുഞ്ഞേ! നന്നായ് വരാൻ
താൻ നിന്നെ കാത്തല്ലോ.

൩. സ്വൎഗ്ഗത്തിൽ വെച്ചു തന്നോടു
പാൎപ്പാൻ ഞാൻ പ്രാൎത്ഥിച്ചാൽ?
കുഞ്ഞേ! ആ വരം നിന്നോടു
താൻ നല്കും കൃപയാൽ.

Morning Hymn for Children.

ബാലന്മാരുടെ ഉദയ കീൎത്തനം.

൧. കൎത്താവേ! ഠരം പുലൎച്ചയിൽ
നിൻ ഉപകാരത്താൽ
കുളൎക്കെല്ലാം എൻ ഉള്ളത്തിൽ
സ്തുതിക്കുന്ന ബലാൽ.

൨. ഠരം നാളിൽ നിൻെറ മുഖവും
ഇങ്ങെന്നെ രക്ഷിക്കും.
ഞാൻ എല്ലാ പാപ സുഖവും
വിട്ട് അനുഗമിക്കും.

൩. കൎത്താവേ! നിൻ നാമത്തിന്നു
സ്തോത്രം ഉണ്ടാക്കുക,
അശക്തപൈതലെ ഇന്നു
കൈതാങ്ങി കൊള്ളുക.

൧൦൩ 103.

Psalm. LXVII.

സങ്കീൎത്തനം ൬൭.

നിൻെറ വഴി ഭൂമിയിലും,||നിന്നുടെ
രക്ഷയെല്ലാ ജാതി||കളും അറിവാൻ,
ദൈവം കൃപചെയ്യെങ്ങളെ|| വാഴ്ത്തി
[ത്തൻ
മുഖത്തെ പ്രകാശി||പ്പിക്കും ഞങ്ങൾ
[മേൽ.

ദൈവമേ, ജനങ്ങൾ നിന്നെ||സ്തുതിക്കും:
സൎവ്വ ജനങ്ങളും||നിന്നെ സ്തുതിക്കും.
പരിഷകൾ സന്തോഷിച്ചു||സ്തുതിക്കും
നീ ജനങ്ങളെ നേ||രോടു വിധിക്കും.

ഭൂമിയിലെ ജാതികളെ||ഭരിക്കും.
ജനങ്ങൾ നിന്നെ സ്തു||തിക്കും ദൈവമേ!
സൎവ്വ ജനങ്ങളും നിന്നെ|| സ്തുതിക്കും
ഭൂമി തന്റെ ഫലം||തരും കൌതുകാൽ:

സ്വന്ത ദൈവമെന്നും നമ്മെ||വാഴ്ത്തുമേ.
ദൈവം നമ്മളെ വാ||ഴ്ത്തുമേ, ഭൂമിയിൽ
അതൃത്തികളശേഷവും||അവനെ
പേടിച്ചുമന്നിരു||ന്നീടുംഏറ്റവും.

പിതൃപുത്ര പരിശുദ്ധാൽ||മാക്കൾക്കു
മേല്ക്കുമേലെ ഉണ്ടാ||കട്ടെമഹത്വം.
ആദിയിങ്കലുമിപ്പോഴും||എന്നേക്കും
ഉള്ള പ്രകാരേണ തന്നേ||ആകട്ടെ
ആമേൻ.

Psalm XCVIII.

സങ്കീൎത്തനം. ൯൮.

യഹോവായ്ക്കൊർപുതുപ്പാട്ടു॥പാടുവിൻ
അത്ഭുതം ചെയ്തുയ॥ഹോവാ; അവ
[ന്റെ
പവിത്രമാം വലങ്കയ്യും॥ ഭുജവും
ജയം നേടിയിരി॥ക്കുന്നു അവന്നു
തൻ രക്ഷയെ അറിയിച്ചു॥യഹോവാ
ജാതികൾ മുൻപിൽ തൻ॥നീതി കാ
[ണിച്ചു.
ഇസ്രായേലിന്റെ കുഡുംബം॥ പ്ര
[തി തൻ
കാരുണ്യ സത്യങ്ങ॥ളോൎത്തുഇക്കാലം
ഭൂമിയുടെയതിരെല്ലാം॥ദൈവത്തിൻ
രക്ഷയെ കണ്ടിരി॥ക്കുന്നു; സകല
ഭൂമിയുമായിയുള്ളോവേ, ॥ കൎത്തന്നു
ഘോഷിച്ചാനന്ദിച്ചു॥ച്ചത്തിൽ പാ
ടുവിൻ.]

വീണകൊണ്ടു യഹോവായ്ക്കു ||പാട്ടു
[വിൻ
വീണാസംഗീതങ്ങ||ളാലേ പാടുവിൻ
കാഹളംകൊണ്ടും, കൊമ്പിന്റെ||നി
[നാദം
കൊണ്ടും യഹോവാ മുൻ||പാകെ
[ഘോഷിപ്പിൻ.
സമുദ്രവും അതിനുടെ|| നിറവും
ഭൂലോകവുമതി||ലെങ്ങും നിവാസം
ചെയ്യുന്നവരും മുഴങ്ങും||ഏററവും
നദിസമൂഹംകൈ|| കൊട്ടും സാന
[ന്ദം.
കൎത്തൃ സമക്ഷെ ഗിരികൾ||മദിക്കും
കൎത്തൻ ഭൂമിയെവി||ധിപ്പാൻവരുന്നു
ഭൂലോകത്തെ നീതിയോടും,||മൎത്യരെ
നേരോടും കൂടെ വി||ധിക്കും യഹോ
[വാ.
പിതൃപുത്ര പരിശുദ്ധാത്||മാക്കൾക്കു
മേല്ക്കുമേലേ ഉണ്ടാ||കട്ടെ മഹത്വം.
ആദിയിങ്കലുമിപ്പോഴും|| എന്നേക്കും
ഉള്ളപ്രകാരേണ തന്നേ|| ആകട്ടെ.
ആമേൻ.